കേരള സർക്കാർ

# കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.lfa.kerala.gov.in

# കാറഡുക്ക ബ്ലോക്ക് പഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്
## 2016-2017

## ജില്ലാ ഓഡിറ്റ് കാര്യാലയം, കാസറഗോഡ്

e-mail : doksd.ksad@kerala.gov.in

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ട് സഹിതം)

നം.കെ.എസ്.എ-കെ.എസ്.ഡി-7/1169 /2017

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,
ജില്ലാ ഓഡിറ്റ് കാര്യാലയം, കാസറഗോഡ്-671123.
ഇ-മെയിൽ : doksd.ksad@kerala.gov.in

ഫോൺ : 0499 4256690.

തിയ്യതി : 15.11.2017.

സീനിയർ ഡപ്യൂട്ടി ഡയറക്ടർ.

*പ്രസിഡന്റ്,*
*കാറഡുക്ക ബ്ലോക്ക് പഞ്ചായത്ത്.*

(സെക്രട്ടറി മുഖേന).

സർ,

വിഷയം : കാറഡുക്ക ബ്ലോക്ക് പഞ്ചായത്ത്- 2016-2017 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് - സംബന്ധിച്ച്

**********************************

1994 ലെ കേളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 215(4)എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം കാറഡുക്ക ബ്ലോക്ക് പഞ്ചായത്തിന്റെ 2016-17സാമ്പത്തികവർഷത്തെ ധനകാര്യപത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങൾ, ചട്ടം 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 3ലെ 3-6, 3-7 എന്നീ ഖണ്ഡികയിലേയ്ക്ക് പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (1997 ലെ കേരള പഞ്ചായത്ത് രാജ്(പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും) ചട്ടങ്ങളിലെ ചട്ടം 14,15).

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1)ചട്ടം 23, 1997 കേരളാ പഞ്ചായത്ത് രാജ് (പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും) ചട്ടങ്ങളിലെ ചട്ടം 21(1)(2)എന്നിവ കാണുക)

വിശ്വസ്തതയോടെ,

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, കാസറഗോഡ്.

പകർപ്പ് :

1) ഡയറക്ടർ,കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം(ഉപരിപത്രം സഹിതം)

2) അസിസ്റ്റന്റ് ഡെവലപ്മെന്റ് കമ്മീഷണർ (ജനറൽ), കാസറഗോഡ്.

3) കാര്യാലയ പകർപ്പ്

നം കെ.എസ്.എ- കെ.എസ്.ഡി-7 /1169 /2017 തിയ്യതി: 15.11.2017

# കാസറഗോഡ് ജില്ലയിലെ കാറഡുക്ക ബ്ലോക്ക്പഞ്ചായത്തിന്റെ 2016-17 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4) , 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

*****

കാസറഗോഡ് ജില്ലയിലെ കാറഡുക്ക ബ്ലോക്ക് പഞ്ചായത്തിന്റെ 2016-17സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി.ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ ബ്ലോക്ക്പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 10 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 2 എണ്ണത്തിന് മാത്രമെ മറുപടി ലഭിച്ചിട്ടുള്ളൂ.. പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ ബ്ലോക്ക് പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്നും ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് യാതൊരു ഉത്തരവാദിത്തവുമില്ല.

(എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം.

| | |
|---|---|
| ഓഡിറ്റ് നടത്തുന്നതിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ | സി.വൈ.സലിം,<br>സീനിയർ ഡെപ്യൂട്ടി ഡയറക്ടർ |
| ഓഡിറ്റിന് വിനിയോഗിച്ച സമയം | 26-10-2017മുതൽ<br>03-11-2017വരെ |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ :

| ക്രമ നം | പേര് | തസ്തിക |
|---|---|---|
| 1 | ശ്രീ.ലോകേഷ ആചാരി.ബി | ഓഡിറ്റ് ഓഫീസർ. |
| 2 | ശ്രീ.വിനോദ് കുമാർ.വി | അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ |
| 3 | ശ്രീ.ശിവശങ്കര.കെ | ഓഡിറ്റർ |

(ബി)നിർവ്വഹണാധികാരികൾ

| തസ്തിക | പേര് | കാലയളവ് |
|---|---|---|
| പ്രസിഡന്റ് | ശ്രീമതി.ഓമനരാമചന്ദ്രൻ | 01-04-2016മുതൽ31-3-2017വരെ |
| സെക്രട്ടറി | ശ്രീ.പി.എസ്.അബ്ദുള്ള | 01-04-2016മുതൽ31-05-2016വരെ |
| | ശ്രീ.സുഗുണൻ.ബി.ടി | 01.06-2016മുതൽ24.09.2016വരെ |
| | ശ്രീ.ബാലകൃഷ്ണ.ബി | 25.09.2016മുതൽ31-03-2017വരെ |

നിർവ്വഹണ ഉദ്യോഗസ്ഥർ.

| ഉദ്യോഗപ്പേര് | പേര് | കാലയളവ് |
|---|---|---|
| അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ | ശ്രീ.കെ.എം.കുഞ്ഞുമോൻ | 01-04-2016 മുതൽ 31-03-2017വരെ |
| പട്ടിക ജാതി വികസന ഓഫീസർ | ശ്രീ. ശ്രീജിത് കുമാർ.വി | 01-04-2016 മുതൽ 08-07-2016 വരെ |
| | ശ്രീ.പ്രശാന്ത്.എൻ.പി | 09-07-2016 മുതൽ 08-09-2016 വരെ |
| | ശ്രീ.ശ്രീജിത് കുമാർ.വി | 09-09-2016 മുതൽ 08-11-2016 വരെ |
| | ശ്രീ.തിരുമലേഷ്.പി.കെ | 09-11-2016 മുതൽ 27-12-2016 വരെ |
| | ശ്രീമതി.ശോഭന.കെ.ഡി | 28-12-2016 മുതൽ 31-03-2017വരെ |
| ക്ഷീര വികസന ഓഫീസർ | ശ്രീമതി. അഞ്ജു കുരിയൻ | 01-04-2016 മുതൽ 29.09.2016 വരെ |
| | ശ്രീമതി.രമ്യ.എസ് | 30-09-2016 മുതൽ 31.03.2017 വരെ |
| കൃഷി അസിസ്റ്റന്റ് ഡയറക്ടർ | ശ്രീ.പി.പളനി | 01-04-2016 മുതൽ 31-03-2017 വരെ |
| ശിശു വികസന പദ്ധതി ഓഫീസർ, കാറഡുക്ക | ശ്രീമതി. അനിത.കെ.ആർ | 01-04-2016 മുതൽ 19.07.2016 വരെ |
| | ശ്രീമതി.പ്രസന്നകുമാരി.എ | 20-07-2016 മുതൽ 08-02-2017 വരെ |
| | ശ്രീമതി.ഗ്രേസി.ജെ | 09-02-2017മുതൽ 31.03.2017വരെ |
| ശിശു വികസന പദ്ധതി ഓഫീസർ, കാറഡുക്ക അഡീഷണൽ, കുറ്റിക്കോൽ | ശ്രീമതി.രജനി.ജി | 01-04-2016 മുതൽ 14.12.2016 വരെ |
| | ശ്രീമതി.ശ്രീജ.വി | 15.12.2016 മുതൽ 05.02.2017 വരെ |
| | ശ്രീമതി.സായഹ്ന.കെ.ജെ | 06.02.2017 മുതൽ 31.03.2017വരെ |
| മെഡിക്കൽ ഓഫീസർ സാമൂഹ്യാരോഗ്യ കേന്ദ്രം, ബേഡഡുക്ക | ഡോ.മുഹമ്മദ്.എം | 01-04-2016 മുതൽ 31-03-2017 വരെ |

റിപ്പോർട്ടിന്റെ ഉള്ളടക്കം


| ക്രമ നം. | ഭാഗം 1-പൊതു അവലോകനം | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ് | 1-1 |
| 2 | വാർഷിക ധനകാര്യപത്രിക | 1-2 |
| 3 | വാർഷിക ധനകാര്യ പത്രിക പരിശോധന | 1-3 |
| 4 | സാമ്പത്തിക വിശകലനം | 1-4 |
| 5 | ഫണ്ട് വിനിയോഗം | 1-5 |
| 6 | പദ്ധതി അവലോകനം | 1-6 |
| 7 | തനത് വരുമാനം. | 1-7 |
| 8 | ക്യാഷ് വെരിഫിക്കേഷൻ | 1-8 |
| 9 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-9 |
| | ഭാഗം 2-വരവ് കണക്കുകളിന്മേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ | |
| 10 | ഇ-ടെണ്ടർ -കരാറുകാർ ഓൺലൈനായി ഒടുക്കിയ ബിഡ് സമർപ്പണ ഫീസ് ബ്ലോക്ക് പഞ്ചായത്തിന് തിരികെ ലഭിച്ചിട്ടില്ല. | 2-1 |
| | ഭാഗം 3-ചെലവ് കണക്കുകളിന്മേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ | |
| 11 | വിദ്യാർത്ഥികൾക്ക് പഠനമുറി പദ്ധതി-അപാകത. | 3-1 |
| 12 | കൃഷി അസി.ഡയരക്ടർ നിർവ്വഹണം നടത്തിയ പദ്ധതി-അപാകങ്ങൾ | 3-2 |
| 13 | വിനിയോഗ സാക്ഷ്യപത്രം പാജരാക്കിയിട്ടില്ല- ചെലവ് തടസ്സപ്പെടുത്തുന്നു | 3-3 |
| 14 | നബാർഡ് റോഡിനുള്ള ബ്ളോക്ക് പഞ്ചായത്ത് വിഹിതം ചെലവ് ചെയ്യാതെ അക്കൗണ്ടിൽ- | 3-4 |
| 15 | ഗ്രീൻ കാറഡുക്ക ശുചിത്വ പ്രോജക്ട്-ചെലവ് തടസ്സപ്പെടുത്തുന്നു | 3-5 |

| | | |
|---|---|---|
| 16 | ഐ.എ.വൈ / പി.എം.എ.വൈ- 441 ഭവനങ്ങൾ പൂർത്തിയാക്കാൻ ബാക്കി | 3-6 |
| 17 | പൊതു മരാമത്ത് പ്രവൃത്തികൾ-അപാകങ്ങൾ | 3-7 |
| 18 | ഗുണഭോക്താക്കളുടെ അക്കൗണ്ടുകളിലേക്ക് തുക ട്രാൻസ്ഫർ ചെയ്യുന്നതിന് കേരള ഗ്രാമീൺ ബാങ്ക് നെഫ്റ്റ് ചാർജ് ഈടാക്കുന്നു | 3-8 |
| 19 | ബാങ്ക് നീക്കിയിരിപ്പ് കണക്കിലെടുക്കാതെ ചെക്കുകൾ നൽകി- TSC ഫണ്ടിൽ നിന്നും 2,79,600 രൂപയുടെ ഇടപാടുകൾ മുടങ്ങിക്കിടക്കുന്നു | 3-9 |
| | ഭാഗം-4- ഓഡിറ്റ് പ്രത്യവലോകനം | |
| 20 | സംയുക്ത പദ്ധതികൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4-1 |
| 21 | ഡെപ്പോസിറ്റ് വർക്കിന് നൽകിയ തുകയുടെ വിവരങ്ങൾ | 4-2 |
| 22 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് | 4-3 |
| 23 | വായ്പ/ വായ്പ തിരിച്ചടവ് | 4-4 |
| 24 | സ്ഥിരനിക്ഷേപങ്ങൾ | 4-5 |
| 25 | ഓഡിറ്റ് റിക്കവറി | 4-6 |
| 26 | സമാഹ്യത ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകൾ | 4-7 |
| 27 | ഓഡിറ്റ് പ്രത്യവലോകനം | 4-8 |
| 28 | തീർപ്പാക്കുവാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ | 4-9 |



അനുബന്ധം


1)ഓഡിറ്റ് സർട്ടിഫിക്കറ്റ്.
2) ഇൻകം ആന്റ് എക്സ്പെന്റിച്ചർ അക്കൗണ്ട്.
3) റസീറ്റ് & പേമെന്റ് അക്കൗണ്ട്.
4) ബാലൻസ് ഷീറ്റ്.


# ഭാഗം 1

## പൊതു അവലോകനം

## 1-1 ബജറ്റ്

2016-17 വർഷത്തെ ബജറ്റ് 23.02.2016 ലെ ഭരണസമിതി തീരുമാനം നമ്പർ 103 A/2016 പ്രകാരം അംഗീകരിക്കുകയുണ്ടായി . ബജറ്റ് വിശദാംശം ചുവടെ ചേർക്കുന്നു

| | |
|---|---|
| മുന്നിരിപ്പ് | - |
| വരവ് | 44,28,20,600 |
| ആകെ | 44,28,20,600 |
| ചെലവ് | 44,26,25,600 |
| നീക്കിയിരിപ്പ് | 1,95,000 |

ബജറ്റിൽ മുന്നിരിപ്പ് ഉക കണക്കിലെടുത്തിട്ടില്ല. കേരള പഞ്ചായത്ത് രാജ് നിയമത്തിലെ വകുപ്പ് 214 ലെ വ്യവസ്ഥകൾ മിക്കതും പാലിക്കാതെയാണ് ബജറ്റ് തയ്യാറാക്കിയിട്ടുള്ളത്. ബജറ്റ് സിംഗിൾ എൻട്രി അടിസ്ഥാനത്തിലും വാർഷിക ധനകാര്യ പത്രിക അക്രൂവൽ അടിസാഥനത്തിൽ ഡബിൾ എൻട്രി സമ്പ്രദായത്തിലുമാണ് തയ്യാറാക്കിയിട്ടുള്ളത്. ആയതിനാൽ ഇവ തമ്മിൽ താരതമ്യം ചെയ്തിട്ടില്ല.

## 1-2 വാർഷിക ധനകാര്യപത്രിക

| സാമ്പത്തിക വർഷം | ഓഡിറ്റിന് ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി |
|---|---|---|
| 2016-2017 | 31.07.2017 | 01.07.2017 ന് ഇ സബ്മിഷൻ നടത്തിയിട്ടുണ്ട്. |

## 1-3 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/തീയതി |
|---|---|---|
| 2016-2017 | 2.11.2017 | ഓഡിറ്റ് സർട്ടിഫിക്കറ്റ് ഈ റിപ്പോർട്ടിന്റെ അനുബന്ധം 1 ആയി ഉൾപ്പെടുത്തിയിട്ടുണ്ട് |

വാർഷിക ധനകാര്യ പത്രികയിൽ കണ്ടെത്തിയ അപാകതകൾ ചുവടെ ചേർക്കുന്നു.

1.ഐ.എ.വൈ കേന്ദ്ര വിഹിതം

ഐ.എ.വൈ കേന്ദ്ര വിഹിതത്തിന്റെ വരവു ചെലവു കണക്കുകൾ ധനകാര്യപത്രികയിലും സ്ഥാപനത്തിൽ എഴുതി സൂക്ഷിച്ചിട്ടുള്ള രജിസ്റ്ററിലും വ്യത്യാസപ്പെട്ടിരിക്കുന്നു.

| | ധനകാര്യ പത്രികയിൽ<br>കോഡ് 320100110-centrally sponsored Scheme- IAY | രജിസ്റ്ററിൽ |
|---|---|---|

| | | |
|---|---|---|
| മുന്നിരിപ്പ് | 35,96,707 | 35,54,707 |
| വരവ് | 20,648 | 1,57,243 |
| ആകെ | 36,17,355 | 37,11,950 |
| ചെലവ് | 36,16,843 | 37,11,438 |
| നീക്കിയിരിപ്പ് | 512 | 512 |

2.ഐ.എ.വൈ സംസ്ഥാന വിഹിതം

ഐ.എ.വൈ സംസ്ഥാന വിഹിതത്തിന്റെ വരവു ചെലവു കണക്കുകൾ ധനകാര്യപത്രികയിലും സ്ഥാപനത്തിൽ എഴുതി സൂക്ഷിച്ചിട്ടുള്ള രജിസ്റ്ററിലും വ്യത്യാസപ്പെട്ടിരിക്കുന്നു.

| | ധനകാര്യ പത്രികയിൽ<br>കോഡ് 320200399-grants funds contributions for specific purposes- other than dev. Fund And state sponsored Scheme | രജിസ്റ്ററിൽ |
|---|---|---|
| മുന്നിരിപ്പ് | 19,39,906 | 18,89,906 |
| വരവ് | 75,36,842 | 75,36,842 |
| ആകെ | 94,76,748 | 94,26,748 |
| ചെലവ് | 93,47,426 | 92,97,426 |
| നീക്കിയിരിപ്പ് | 1,29,322 | 1,29,322 |

3. ഐ.എ.വൈ പ്ലാൻ വിഹിതം-

ഐ.എ.വൈ പ്ലാൻ വിഹിതത്തിന്റെ കണക്കുകൾ ധനകാര്യപത്രികയിൽ 320700203-Contributions for joint venture projects-village panchayats, 320700205- Contributions for joint venture projects-district panchayats, 350800199- other creditors (share of block panchayat)എന്നീ ഹെഡുകളിലാണ് ഉൾക്കൊള്ളിച്ചിട്ടുള്ളത്. മറ്റു ഗ്രാമപഞ്ചായത്തുകൾ/ ജില്ലാ പഞ്ചായത്തിൽ നിന്നും ലഭിച്ച വിഹിതങ്ങളും ബ്ലോക്ക് പഞ്ചായത്ത് വികസന ഫണ്ടിൽ നിന്ന് മാറിയ തുകകളും സിന്റിക്കേറ്റ് ബാങ്കിലെ 112094 എന്ന അക്കൗണ്ടിൽ നിക്ഷേപിച്ചാണ് ചെലവ് നടത്തിയിട്ടുള്ളത്. ഈ അക്കൗണ്ടിന് ഒരു ചെക്ക്

ഇഷ്യൂ രജിസ്റ്ററും സൂക്ഷിച്ചിട്ടുണ്ട്. (ഈ രജിസ്റ്ററിൽ തുകകൾ വരവു വന്നതിന്റെ വിവരങ്ങൾ എഴുതിയിട്ടില്ല) ഈ രജിസ്റ്ററിൽ ഓരോ മാസാവസാനവും മുന്നിരിപ്പ്, വരവ്, ചെലവ്, നീക്കിയിരിപ്പ് എന്നീ വിവരങ്ങൾ രേഖപ്പെടുത്തി സെക്രട്ടറി സാക്ഷ്യപ്പെടുത്തിയിട്ടുണ്ട്. ഈ രജിസ്റ്റർ പ്രകാരമുള്ള വരവു ചെലവു വിവരങ്ങളും ധനകാര്യ പത്രിക പ്രകാരമുള്ള വരവു ചെലവു വിവരങ്ങളും വ്യത്യാസപ്പെട്ടിരിക്കുന്നതായി പരിശോധനയിൽ കാണുന്നു. വിശദ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| | ധനകാര്യ പത്രികയിൽ കോഡ് 320700203, 320700205, 350800199 എന്നിവ പ്രകാരം | രജിസ്റ്ററിലെ വിവരങ്ങൾ |
|---|---|---|
| മുന്നിരിപ്പ് | 3,53,77,405 | 3,31,74,101 |
| വരവ് | 5,14,23,211 | 3,78,65,143 |
| ആകെ | 8,68,00,616 | 7,10,39,244 |
| ചെലവ് | 3,73,78,531 | 3,05,05,662 |
| നീക്കിയിരിപ്പ് | 4,94,22,085 | 4,05,33,582 |

4. 31.03.2017 ലെ ബാലൻസ് ഷീറ്റിൽ 320700203 എന്ന ഹെഡിൽ 42,27,411 രൂപ നീക്കിയിരിപ്പ് ബാദ്ധ്യതയുണ്ട്. 320700205 എന്ന ഹെഡിൽ 1,69,99,674 രൂപയും നീക്കിയിരിപ്പ് ബാദ്ധ്യതയുണ്ട്. 350800199 എന്ന ഹെഡിലെ നീക്കിയിരിപ്പ് ബാദ്ധ്യത 2,81,95,000 രൂപയാണ്. (ആകെ 4,94,22,085 രൂപ). എന്നാൽ ബാലൻസ് ഷീറ്റിലെ ഷെഡ്യൂൾ B-17ൽ 450410101- syndicate bank-IAY plan Account എന്ന ആസ്തി ഹെഡിലെ നീക്കിയിരിപ്പ് തുക 4,11,36,081 രൂപയാണ്. കൂടാതെ IAY പദ്ധതിക്ക് ലഭിക്കുന്ന അധികവിഹിതങ്ങൾ നിക്ഷേപിക്കുന്ന കേരള ഗ്രാമീൺ ബാങ്കിലെ അക്കൗണ്ട് നം 3986 ൽ 31.03.2017 ന് 98,38,248 രൂപ നീക്കിയിരിപ്പ് ഉണ്ട്.(ആകെ 5,09,74,329 രൂപ). ഇവ തമ്മിലുള്ള വ്യത്യാസത്തിന് വിശദീകരണം ലഭ്യമാക്കിയിട്ടില്ല.

5. കാസറഗോഡ് ജില്ലാ ട്രഷറിയിൽ നിലവിലുള്ള 799011400002201 നമ്പർ ട്രഷറി സേവിങ്ങ്സ് അക്കൗണ്ടിൽ 31.03.2017 ന് 32,744 രൂപ നീക്കിയിരിപ്പ് ഉണ്ട്. എന്നാൽ ഈ തുക ധനകാര്യ പത്രികയിൽ ഉൾപ്പെടുത്തിക്കാണുന്നില്ല.

6. കാസറഗോഡ് ജില്ലാ ട്രഷറിയിൽ നിലവിലുള്ള 720011400000057നമ്പർ ട്രഷറി സേവിങ്ങ്സ് അക്കൗണ്ടിൽ 31.03.2017 ന് 14,20,100 രൂപ നീക്കിയിരിപ്പ് ഉണ്ട്. എന്നാൽ ഈ തുക ധനകാര്യ പത്രികയിൽ ഉൾപ്പെടുത്തിക്കാണുന്നില്ല.

7. സെക്യൂരിറ്റി രജിസ്റ്ററിലെ പേജ് 57 ൽ രേഖപ്പെടുത്തിയതനുസരിച്ച് 3/2017 ൽ (തിയതി രേഖപ്പെത്തിയിട്ടില്ല) കുറ്റിക്കോൽ ഗ്രാമപഞ്ചായത്തിൽ നിന്ന് 2015-16 വർഷത്തെ IAY പദ്ധതിയുടെ അധിക വിഹിതമായി 5,00,000 രൂപയുടെ നെഫ്റ്റ് ട്രാൻസ്ഫർ ലഭിച്ചിട്ടുണ്ട്. IAY യുടെ ഭാഗമായി മറ്റു സ്ഥാപനങ്ങളിൽ നിന്ന് ലഭിക്കുന്ന വിഹിതങ്ങൾ നിക്ഷേപിക്കുന്ന സിന്റിക്കേറ്റ് ബാങ്കിലെ അക്കൗണ്ട് നം 112094 ൽ 28.02.2017 ൽ ഈ തുക വരവു വന്നിട്ടുണ്ട്. എന്നാൽ സാംഖ്യയിൽ 320700203- contributions for joint venture projects from village panchayats എന്ന ഹെഡിൽ 25.03.2017 ലെ 116039000066 നമ്പർ വൗച്ചർ പ്രകാരം 5 ലക്ഷം രൂപയ്ക്ക് പകരം 50,000 രൂപ മാത്രമാണ് വരവു വച്ചു കാണുന്നത്.

സിന്റിക്കേറ്റ് ബാങ്കിലെ അക്കൗണ്ട് നം 112094 ന്റെ 31.03.2017 ലെ റീക്കൺസിലിയേഷൻ പത്രിക പ്രകാരം 25.03.2017 ലെ 116039000066 നമ്പർ വൗച്ചർ പ്രകാരം 50,000 രൂപയടക്കം 6,02,500 രൂപ

cheques deposited but not collected എന്ന് കാണിച്ചിട്ടുണ്ട്. ആയതിനാൽ ഈ റിക്കൺസിലിയേഷൻ തെറ്റാണ്.

8. 31.03.2017 ലെ ബാലൻസ് ഷീറ്റ് പ്രകാരം കേരള ഗ്രാമീൺ ബാങ്കിൽ TSC യുടെ ഫണ്ട് കൈകാര്യം ചെയ്യുന്ന 3725 നമ്പർ അക്കൗണ്ടിലെ നീക്കിയിരിപ്പ് (-)87,914 രൂപയാണ്. നീക്കിയിരിപ്പ് ന്യൂന തുക ആയതിന് വിശദീകരണം നൽകിയിട്ടില്ല

9. 31.03.2017 ലെ ബാലൻസ് ഷീറ്റ് പ്രകാരം കേരള ഗ്രാമീൺ ബാങ്കിൽ TSC യുടെ ഫണ്ട് കൈകാര്യം ചെയ്യുന്ന 3725 നമ്പർ അക്കൗണ്ടിലെ നീക്കിയിരിപ്പ് (-)87,914 രൂപയാണ്. എന്നാൽ ടി.എസ്.സി ഫണ്ടിന്റെ ചെക്ക് ഇഷ്യൂ രജിസറ്റർ പ്രകാരം 31.03.2017 ലെ സ്ഥിതി ചുവടെ ചേർത്ത പ്രകാരമാണ്.

| | |
|---|---|
| മുന്നിരിപ്പ് | (-)1,18,314 |
| വരവ് | - |
| ആകെ | (-)1,18,314 |
| ചെലവ് | - |
| നീക്കിയിരിപ്പ് | (-)1,18,314 |

ചെക്ക് ഇഷ്യൂ രജിസ്റ്ററും ധനകാര്യ പത്രികയും തമ്മിലുള്ള ഈ അന്തരത്തിന് വിശദീകരണം നൽകിയിട്ടില്ല.

10. 31.03.2017 ലെ ബാലൻസ് ഷീറ്റ് പ്രകാരം 412010101-capital work in progress എന്ന ആസ്തി ഹെഡിൽ 24,75,434 രൂപ നീക്കിയിരിപ്പുണ്ട്. എന്നാൽ ഈ തുകയിൽ പൂർത്തിയായ ചില പദ്ധതികൾക്ക് നൽകിയ ഫൈനൽ ബിൽ തുകകൾ കൂടി ഉൾപ്പെട്ടതായി കാണുന്നു. (പ്രോജക്ട് നം 77/17, 74/17, 85/17).

## 1-4 സാമ്പത്തിക വിശകലനം

| വർഷം | 2016-2017 |
|---|---|
| മുന്നിരിപ്പ് | 4,43,69,644 |
| വരവ് | 11,41,88,333 |
| ആകെ | 15,85,57,977 |
| ചെലവ് | 10,25,69,213 |
| നീക്കിയിരിപ്പ് | 5,59,88,764 |

## 1-5 ഫണ്ട് വിനിയോഗം

| ഫണ്ടിനം | മുൻബാക്കി | തൻവർഷ വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് സഞ്ചിത | നീക്കിയിരിപ്പ് | ചെലവ് |
|---|---|---|---|---|---|---|---|

| | | | | | നിധിയിൽ ലയിപ്പിക്കപ്പെട്ടത് | | % |
|---|---|---|---|---|---|---|---|
| വികസന ഫണ്ട് (പൊതു വിഭാഗം) | 0 | 3,02,75,849 | 3,02,75,849 | 2,87,50,786 | 15,25,063 | - | 95 |
| വികസന ഫണ്ട് (എസ്.സി.പി) | 0 | 1,12,95,261 | 1,12,95,261 | 65,44,154 | 47,51,107 | - | 58 |
| വികസന ഫണ്ട് (ടി.എസ്.പി) | 0 | 71,48,049 | 71,48,049 | 71,48,049 | Nil | - | 100 |
| സംരക്ഷണ ഫണ്ട് (നോൺ-റോഡ്) | 0 | 48,32,007 | 48,32,007 | 36,38,877 | 11,93,130 | - | 75 |
| തൊഴിലുറപ്പ് പദ്ധതി | 12,660 | 7,00,001 | 7,12,661 | 6,25,519 | - | 87,142 | 88 |

## 1-6 പദ്ധതി അവലോകനം.

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം

| അംഗീകാരം ലഭിച്ചത്(എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ചെലവ് ശതമാനം |
|---|---|---|---|---|
| 94 | 9,49,52,941/- | 70 | 4,61,27,566/- | 49% |

നിർവ്വഹണോദ്യോഗസ്ഥരുടെ പദ്ധതി നിർവ്വഹണം സംബന്ധിച്ച സംക്ഷിപ്ത വിവരം

| ക്രമ നം | നിർവ്വഹണോദ്യോഗസ്ഥൻ | അംഗീകരിച്ച പദ്ധതി രേഖ പ്രകാരം 2016-17 വർഷ ത്തിൽ നടപ്പാക്കേ ണ്ട പദ്ധതികളുടെ വിവരം | | 2016-17 വർഷത്തിൽ നടപ്പാക്കിയ പദ്ധതികളുടെ വിവരം | | ചെലവ് ശതമാ നം. |
|---|---|---|---|---|---|---|
| | | എണ്ണം | അടങ്കൽ | എണ്ണം | ചെലവ് തുക | |
| 1 | സെക്രട്ടറി | 25 | 5,22,60,034/- | 21 | 2,39,68,615/- | 45.86 |
| 2 | അസിസ്റ്റന്റ് എക്സിക്യൂട്ടിവ് എഞ്ചിനിയർ | 41 | 2,22,36,462/- | 23 | 78,28,990/- | 35.20 |
| 3 | മെഡിക്കൽ ഓഫീസർ | 9 | 33,41,207/- | 9 | 31,28,971/- | 94 |

| | | | | | | |
|---|---|---|---|---|---|---|
| | സാമൂഹികാരോഗ്യ കേന്ദ്രം | | | | | |
| 4 | ശിശുവികസന പദ്ധതി ഓഫീസർ | 6 | 50,01,849/- | 6 | 48,01,549/- | 96 |
| 5 | അസിസ്റ്റന്റ് ഡയരക്ടർ -കൃഷി | 8 | 80,31,128/- | 6 | 43,73,531/- | 54.45 |
| 6 | പട്ടികജാതി വികസന ഓഫീസർ | 3 | 15,82,261/- | 3 | 9,25,910/- | 59 |
| 7 | ക്ഷീരവികസന ഓഫീസർ | 2 | 25,00,000/- | 2 | 11,00,000/- | 44 |
| | ആകെ | 94 | 9,49,52,941/- | 70 | 4,61,27,566/- | 49% |

2016-17 വർഷം ആകെ 94 പ്രൊജക്ടുകൾക്ക് അംഗീകാരം ലഭിച്ചിരുന്നുവെങ്കിലും 70 പ്രൊജക്ടുകളാണ് നടപ്പാക്കുവാൻ സാധിച്ചത്. ഇതുപ്രകാരം ആകെ പദ്ധതി അടങ്കലിന്റെ49% മാത്രമാണ് തൻവർഷം വിനിയോഗിക്കുവാൻ സാധിച്ചത് പൊതുമരാമത്ത് മേഖലയിൽ ആകെ അംഗീകാരം ലഭിച്ച 41 പ്രൊജക്ടുകളിൽ 23 എണ്ണം നടപ്പാക്കുന്നതിനായി 78,28,990/- രൂപ വിനിയോഗിക്കുകയുണ്ടായി. (ഈ മേഖലയിലെ ആകെ പദ്ധതി അടങ്കലിന്റെ 35.20%മാത്രമാണ് ചെലവ്.) സങ്കീർണമായ പ്രവർത്തനത്തിലൂടെ രൂപപ്പെടുത്തുന്ന പദ്ധതികൾ എല്ലാം തന്നെ ഓരോ വർഷവും പൂർത്തിയാക്കാൻ ശ്രദ്ധിക്കേണ്ടതാണ്. ഇക്കാര്യത്തിൽ ഭരണ വകുപ്പിന്റെ ശ്രദ്ധ ക്ഷണിക്കുന്നു.

## 1-7 തനത് വരുമാനം.

| | ഇനം | മുൻവർഷം | തൻവർഷം | വ്യത്യാസം | ശതമാനം (+)/(-) |
|---|---|---|---|---|---|
| നികുതി വരവുകൾ | | 0 | 0 | 0 | - |
| നികുതിയേതര വരവുകൾ | വാടക | 49,435 | 59,160 | (+)9,725 | |
| | പലവക വരവുകൾ | 12,666 | 1,30,284 | (+)1,17,618 | |
| | ടെണ്ടർ ഫോറം വിൽപ്പന | 9,800 | 9,900 | (+)100 | |
| | മറ്റു വിൽപന | - | 1,460 | (+)1,460 | |
| | ബാങ്ക് അക്കൗണ്ടുകളിൽ നിന്നുള്ള പലിശ | 41,585 | 2,96,526 | (+)2,54,941 | |
| ആകെ | | 1,13,486 | 4,97,330 | (+)3,83,844 | (+)338% |

## 1-8 ക്യാഷ് വെരിഫിക്കേഷൻ നടത്തിയതിന്റെ വിവരം.

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ്

പരിശോധന 31.10.2017 ന് (2.00 pm) സ്ഥാപന തലവന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 20/- രൂപ നീക്കിയിരിപ്പിന്റെ കൃത്യത ബോധ്യപ്പെട്ടു.

## 1-9 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 22.9.2017 | 2016-2017 | ലഭിച്ചിട്ടില്ല |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 16.11.2016 | 2011-12 to 2015-16 | 2540/16-17/212 dt 24/1/2017 |
| | | 2013-2014 (supplimentary) | 1247/16-17/206 dt 17.1.17 |

# ഭാഗം-2

## വരവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 2-1 ഇ-ടെണ്ടർ -കരാറുകാർ ഓൺലൈനായി ഒടുക്കിയ ബിഡ് സമർപ്പണ ഫീസ് ബ്ലോക്ക് പഞ്ചായത്തിന് തിരികെ ലഭിച്ചിട്ടില്ല

കാറഡുക്ക ബ്ലോക്ക് പഞ്ചായത്തിൽ 2016-17 സാമ്പത്തിക വർഷത്തിൽ ഇ-ടെണ്ടർ മുഖേന നടപ്പാക്കിയ വിവിധ പൊതുമരാമത്ത് പ്രവൃത്തികളുടെ ടെണ്ടർ വേളയിൽ കരാറുകാർ ഓൺലൈനായി സമർപ്പിച്ച ബിഡ് സമർപ്പണ ഫീസ് തദ്ദേശ സ്വയംഭരണ വകുപ്പ് എക്സിക്യൂട്ടീവ് എഞ്ചിനിയറുടെ (കാസറഗോഡ് ) അക്കൗണ്ടിൽ സ്ഥിതി ചെയ്യുകയാണ്.കാറഡുക്ക ബ്ലോക്ക പഞ്ചായത്തിന് ലഭിക്കേണ്ട പ്രസ്തുത തുകകൾ എത്രയും വേഗം തിരികെ ലഭ്യമാക്കുവാൻ നടപടികൾ സ്വീകരിക്കേണ്ടതാണ്. നിർവ്വഹണ ഉദ്യോഗസ്ഥൻ ലഭ്യമാക്കിയ രേഖകൾ പ്രകാരം താഴെ പറയും പ്രകാരം ഈയിനത്തിൽ ബ്ലോക്ക് പഞ്ചായത്തിന് ലഭിക്കേണ്ട തുകകളുടെ വിശദാംശം ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | പ്രവൃത്തിയുടെ പേര് | ഐ.ഡി. നമ്പർ | ടെണ്ടർ ഫോറത്തിന്റെ വില | കരാറുകാരന്റെ പേര് | പഞ്ചായത്തിന് ലഭിക്കേണ്ട മൊത്തം തുക |
|---|---|---|---|---|---|
| 1 | ബീംബുങ്ങൽ കണിയലത്തടുക്കം കൾവേർട്ട് | 2017-LSGD-109167-1 | 1050 | സണ്ണി തോമസ് | 5250 |
| | | | | മുഹമ്മദ് അഷറഫ് | |
| | | | | സുരേഷ് കുമാർ | |
| | | | | രജിത്ത് | |
| | | | | കെ.ജെ രാജു | |

| | | | | | |
|---|---|---|---|---|---|
| 2 | കല്ലടുക്ക എസ് സി കോളനി റോഡ് – ദേലമ്പാടി ഗ്രാമ പഞ്ചായത്ത് | 2017-LSGD-109216-1 | 1500 | കെ. കൃഷ്ണൻ<br>ഷാഹിദ് | 3000 |
| 3 | പള്ളത്തിങ്കൽ ജയപുരം റോഡ് – കാറഡുക്ക ഗ്രാമ പഞ്ചായത്ത് | 2017-LSGD-109227-1 | 1300 | മുഹമ്മദ് അഷറഫ്<br>സുരേഷ് കുമാർ | 2600 |
| 4 | അഡൂർ കോയകുഡൽ 2 റോഡ് – കാറഡുക്ക ഗ്രാമ പഞ്ചായത്ത് | 2017-LSGD-94156-1 | 1050 | Nil | 1050 |
| 5 | അഡൂർ എസ്.സി കോളനി റോഡ് – ദേലമ്പാടി ഗ്രാമ പഞ്ചായത്ത് | 2017-LSGD-94129-2 | 1050 | കെ. കൃഷ്ണൻ<br>നമ്പാൻ | 2100 |
| 6 | അഡ്വാല കാന റോഡ് – ബെള്ളൂർ ഗ്രാമ പഞ്ചായത്ത് | 2017-LSGD-94165-1 | 1050 | ശ്രീജിത്ത്<br>അബ്ദുള്ള ഹാജി<br>ഫൈസൽ കെ<br>അബ്ദുൾ റഹിമാൻ | 4200 |
| 7 | ബാലഗഡ്ഡേ ബെലിഞ്ച റോഡ് – കുമ്പടാജെ ഗ്രാമ പഞ്ചായത്ത് | 2017-LSGD-94174-1 | 1050 | അബ്ദുൾ റഹിമാൻ | 1050 |
| 8 | മലംകുണ്ട് ഉമ്പോഡി ചാമുണ്ടികുന്ന് റോഡ് | 2017-LSGD-94184-2 | 1050 | ജി.എസ്. രാജീവ്<br>ഹരിദാസ്<br>ഉദ്യമ സൊസൈറ്റി<br>തമ്പാൻ<br>സുരേഷ് കുമാർ | 5250 |

| | | | | | |
|---|---|---|---|---|---|
| 9 | ചൊട്ടത്തോൽ വനഗാഡ് പരപ്പ റോഡ് – കുറ്റിക്കോൽ ഗ്രാമ പഞ്ചായത്ത് | 2017-LSGD-101155-1 | 1050 | കൃഷ്ണൻ കെ<br>തമ്പാൻ<br>അരവിന്ദൻ | 3150 |
| 10 | വടക്കേക്കര കാനത്തൂർകയ റോഡ് | 2017-LSGD-101122-1 | 1050 | കൃഷ്ണൻ. കെ<br>എം.എ ഹുസൈൻ കുഞ്ഞി | 2100 |
| 11 | മുണ്ടക്കാട് അട്ടക്കം റോഡ് – ദേലമ്പാടി ഗ്രാമ പഞ്ചായത്ത് | 2017-LSGD-94215-1 | 1050 | കെ.എം. ഭാസ്കരൻ<br>എം.എ. സയ്യിദ്<br>തമ്പാൻ | 3150 |
| 12 | പയ്യനടുക്കം എസ് കോളനി റോഡ് – കാറഡുക്ക ഗ്രാമ പഞ്ചായത്ത് | 2017-LSGD-94215-1 | 1050 | കൃഷ്ണയ്യ ബല്ലാൽ<br>കൃഷ്ണൻ കെ | 2100 |
| 13 | മൂഡംകുളം പൂവടുക്കം റോഡ് – കാറഡുക്ക ഗ്രാമ പഞ്ചായത്ത് | 2017-LSGD-94265-1 | 1050 | കൃഷ്ണൻ കെ<br>ഫൈസൽ | 2100 |
| 14 | മൂലടുക്കം തൈര പയസ്വിനി റോഡ് | 2017-LSGD-9101149-1 | 1050 | സുരേഷ് കുമാർ<br>മഹമ്മൂദ് | 2100 |
| 15 | പൊവ്വൽ ആർ.എം.ആർ അറ്റകുറ്റപ്പണി – മുളിയാർ ഗ്രാമ പഞ്ചായത്ത് | 2017-LSGD-109201-1 | 1050 | സി.കെ. സുബൈർ<br>അബ്ദുൾ റഹിമാൻ<br>എം.എ. അബ്ബാസ് | 3150 |
| 16 | മുളിയാർ സി.എച്ച്.സി ക്വോട്ടേഴ്സ് അറ്റകുറ്റപ്പണി – മുളിയാർ ഗ്രാമ പഞ്ചായത്ത് | 2017-LSGD-109252-1 | 2500 | അബ്ദുൾ റഹിമാൻ<br>എം.എ.അബ്ബാസ്<br>ഫൈസൽ | 7500 |
| 17 | ബൈരമൂല എസ്.സി കോളനി റോഡ് ടാറിംഗ് | 2017-LSGD-113371-1 | 1050 | ശ്രീജിത്ത്<br>രജിത്ത് | 2100 |

| | | | | | |
|---|---|---|---|---|---|
| 18 | ബഡ്ഡന ഇറിഗേഷൻ പദ്ധതി | 2017-LSGD-1113371-1 | 1200 | റൗഫ്<br>സിറാജ്ജുദ്ദീൻ<br>റെയ്സുദ്ദീൻ | 3600 |
| 19 | മാവിനക്കല്ല് ചാനത്തല റോഡ് | 2017-LSGD-942004-1 | 1050 | എം.എ. സയ്യിദ്<br>അബൂബക്കർ എ.ടി<br>സുരേഷ് കുമാർ<br>ഉദുമ ലേബർ കോൺട്രാക്ടർ സൊസൈറ്റി | 4200 |
| 20 | നബിടിയംപാറ പോള റോഡ് | 2017-LSGD-94235-1 | 1050 | എം.എ. സയ്യിദ്<br>അബൂബക്കർ എ.ടി<br>സുരേഷ് കുമാർ<br>ഉദുമ ലേബർ കോൺട്രാക്ടർ സൊസൈറ്റി | 4200 |
| 21 | വിളക്കുമാടം കാപ്പ്യ റോഡ് | 2017-LSGD-94257-1 | 1050 | എം.എ. സയ്യിദ്<br>അബൂബക്കർ എ.ടി<br>ഉദുമ ലേബർ കോൺട്രാക്ടർ സൊസൈറ്റി | 3150 |
| | | ആകെ | | | 67,100/- |

# ഭാഗം-3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 3-1 വിദ്യാർത്ഥികൾക്ക് പഠനമുറി പദ്ധതി-അപാകത.

നിർവ്വഹണ ഉദ്യോഗസ്ഥൻ - പട്ടികജാതി വികസന ഓഫീസർ

പ്രൊജക്ട് നം.107/17

ബിൽ നം. 16/16-17/31.03.2017 – 1,50,000/-

കാറഡുക്ക ബ്ലോക്ക് പഞ്ചായത്ത് പരിധിയിൽപെടുന്ന പട്ടികജാതിയിൽപ്പെട്ട വിദ്യാർത്ഥികൾക്ക് പഠനമുറി നിർമ്മിക്കാൻ ധനസഹായം നൽകുന്ന പദ്ധതിയാണിത്. ഒരു ഗുണഭോക്താവിന് ആകെ 1 ലക്ഷം രൂപയാണ് ധനസഹായം നൽകുന്നത്. എസ്റ്റിമേറ്റ്, മൂല്യനിർണ്ണയം, സ്ഥലം സംബന്ധമായ രേഖകൾ, പഠിക്കുന്ന സ്ഥാപനത്തിന്റെ സർട്ടിഫിക്കറ്റ് എന്നിവ അടിസ്ഥാനമാക്കിയാണ് തുക

നൽകുന്നത്.

2016-17 വർഷത്തിൽ ആകെ 3 അപേക്ഷകർക്ക് 50,000/- രൂപ വീതം 1,50,000/- രൂപ ചെലവഴിച്ചിട്ടുണ്ട്. ഈ പദ്ധതിയുടെ രേഖകൾ പരിശോധന നടത്തിയപ്പോൾ സുമിത്ര, D/O. സുന്ദരി എന്ന വിദ്യാർത്ഥിനിയുടെ അപേക്ഷയോടൊപ്പം എസ്റ്റിമേറ്റ് സമർപ്പിച്ചതായി കാണുന്നില്ല. എസ്റ്റിമേറ്റ് ലഭിക്കാതെ ആദ്യ ഗഡുവായി 50,000 രൂപ നൽകിയത് ശരിയല്ല. എസ്റ്റിമേറ്റ്, വാല്വേഷൻ സർട്ടിഫിക്കറ്റ്, മറ്റു രേഖകൾ എന്നിവ ഹാജരാക്കിയ ശേഷം മാത്രമെ അവസാനഗഡു തുക നൽകുവാൻ പാടുള്ളൂ. ഇക്കാര്യം നിർവഹണ ഉദ്യോഗസ്ഥന്റെയും ബ്ലോക്ക് പഞ്ചായത്തിന്റെയും ശ്രദ്ധയിൽപ്പെടുത്തുന്നു.

## 3-2 കൃഷി അസിസ്റ്റന്റ് ഡയരക്ടർ നിർവ്വഹണം നടത്തിയ പദ്ധതി - ജൈവ പച്ചക്കറി കൃഷി പ്രോത്സാഹനം - അപാകങ്ങൾ

(1) പ്രോജക്ട് നം. 29/17- ജൈവ പച്ചക്കറി കൃഷി പ്രോൽസാഹനം

ചെലവ്- ബിൽ നം. 4/2016-17 തീയതി 31-03-2017, തുക- 8,20,000 രൂപ, വികസന ഫണ്ട്

ജൈവ പച്ചക്കറി കൃഷിയുടെ വ്യാപനം ലക്ഷ്യമിട്ടിട്ടുള്ള ഈ പദ്ധതി പ്രകാരം നാമമാത്ര കർഷകർ അംഗങ്ങളായിട്ടുള്ള, ചുരുങ്ങിയത് ഒരു ഏക്കർ സ്ഥലത്തിലെങ്കിലും പച്ചക്കറി കൃഷി നടത്തുന്ന സംഘങ്ങൾക്ക് ജൈവവളത്തിനും പച്ചക്കറി വിത്തിനും സബ്സിഡി നൽകുവാനായിരുന്നു ലക്ഷ്യമിട്ടത്. നിർവഹണ ഉദ്യോഗസ്ഥനായ കൃഷി അസിസ്റ്റന്റ് ഡയറക്ടർ മേൽ വിവരിച്ച പ്രകാരം 8,20,000 രൂപ പിൻവലിക്കുകയും ബ്ലോക്ക് പഞ്ചായത്ത് പരിധിയിലെ വിവിധ പഞ്ചായത്തുകളിലെ 82 സംഘങ്ങൾക്ക് 10,000 രൂപ വീതം സബ്സിഡി നൽകിയിട്ടുണ്ട്. (ജൈവവളത്തിന് 7,000 രൂപ, വിത്തുകൾക്ക് 3,000 രൂപ). ഈ പദ്ധതിയുടെ നിർവഹണത്തിൽ ശ്രദ്ധയിൽ പെട്ട അപാകങ്ങൾ ചുവടെ ചേർക്കുന്നു.

(എ) പ്രോജക്ട് പ്രകാരം സംഘങ്ങൾ ചുരുങ്ങിയത് ഒരു ഏക്കർ സ്ഥലത്തെങ്കിലും പച്ചക്കറി കൃഷി നടത്തിയിരിക്കണം. എന്നാൽ ഇത് പരിശോധിക്കാനുതകുന്ന രേഖകൾ / സാക്ഷ്യപത്രങ്ങൾ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല.

(ബി) ഗുണഭോക്താക്കളായ സംഘങ്ങളുടെ അക്കൗണ്ടുകളിലേക്ക് ഇ. പേമെന്റ് സംവിധാനം വഴി സബ്സിഡി തുക ട്രാൻസ്ഫർ ചെയ്യാനായിരുന്നു പദ്ധതി പ്രകാരം വിഭാവനം ചെയ്തത്. എന്നാൽ ചെക്ക് മുഖാന്തിരമാണ് തുകകൾ നൽകിക്കാണുന്നത്.

(സി) സംഘങ്ങൾ 4,000 രൂപ വീതം ചെലവഴിച്ചു കൊണ്ട് സ്വകാര്യ വ്യക്തികളിൽ നിന്ന് പച്ചക്കറി വിത്തുകൾ വാങ്ങിയതായി വൗച്ചറുകൾ ഹാജരാക്കിയിട്ടുണ്ട്. എന്നാൽ ഏതൊക്കെ വിത്തുകൾ എത്ര അളവിൽ വാങ്ങി എന്ന വിവരം വൗച്ചറിൽ ഇല്ല. പ്രോജക്ട് പ്രകാരമുള്ള 17.5 കിലോ പച്ചക്കറി വിത്തുകൾ വാങ്ങിയിരിക്കണം എന്ന നിബന്ധന പാലിച്ചോ എന്ന് വ്യക്തമല്ല.

മേൽ അപാകതകൾ കണക്കിലെടുത്ത് 8,20,000 രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

(2) പ്രോജക്ട് നം. 31/17- കുടുംബശ്രീ യൂണിറ്റുകൾക്ക് പച്ചക്കറി തൈകൾ, ഗ്രോബാഗ് വിതരണം-

കുടുംബശ്രീ യൂണിറ്റുകൾക്ക് പച്ചക്കറി കൃഷി ചെയ്യാൻ പച്ചക്കറി തൈകൾ, ഗ്രോബാഗ്, മണ്ണ്, ട്രൈകോഡർമ, സ്യൂഡോമനാസ്, ചകിരിച്ചോർ എന്നിയുടെ വിതരണമാണ് പ്രോജക്ടിന്റെ ലക്ഷ്യം. താഴെ പറയുന്ന പ്രകാരമാണ് പ്രോജക്ടിന്റെ ധനകാര്യ വിശകലനം.

| ഇനം | വികസന ഫണ്ട് | ഗുണഭോക്തൃ വിഹിതം | ആകെ |
|---|---|---|---|
| ഗ്രോബാഗ് വിതരണം | 2,88,000 | 2,88,000 | 5,76,000 |

| | | | |
|---|---|---|---|
| പച്ചക്കറി തൈകൾ വിതരണം | 86,400 | - | 86,400 |
| ബാഗ് നിറക്കുന്ന മിശ്രിതം മണൽ, മണ്ണ്, ട്രൈക്കോഡർമ, സ്യൂഡോമനാസ്, ചകിരിച്ചോർ | 25,05,600 | 8,35,200 | 33,40,800 |
| ആകെ | 28,80,000 | 11,23,200 | 40,03,200 |

ബിൽ നം 1/2016-17 തീയതി 31-3-2017 പ്രകാരം 28,11,600 രൂപ ട്രഷറിയിൽനിന്നും പിൻവലിച്ച് ബ്ളോക്ക് പഞ്ചായത്ത് പരിധിയിലെ 7 പഞ്ചായത്തുകൾക്ക് ഗ്രോബാഗ്, പച്ചക്കറി തൈകൾ എന്നിവ വിതരണം നടത്തിയതിന്റെ തുകയായി 'കാറഡുക്ക ബ്ളോക്ക് കർഷക വിജ്ഞാന വ്യാപന സംഘടന' എന്ന സ്ഥാപനത്തിന് നൽകിയിട്ടുണ്ട്. ഈ സ്ഥാപനം പച്ചക്കറി തൈകളുള്ള ഗ്രോബാഗ് താഴെ പറയുന്ന പ്രകാരം വിവിധ സംഘങ്ങൾക്ക് നൽകിയിട്ടുണ്ട്.

| | സംഘങ്ങളുടെ എണ്ണം | ഗ്രോ ബാഗുകളുടെ എണ്ണം | ആകെ തുക | സബ്സിഡി (71.74%) | ഗുണഭോക്തൃ വിഹിതം | ഓരോ സംഘങ്ങൾക്കുമുള്ള തുക മൊത്തം/ സബ്സിഡി |
|---|---|---|---|---|---|---|
| 1.ബേഡഡുക്ക പഞ്ചായത്ത് | 66 | 15,114 (66x229) | 21,00,846 | 15,11,400 | 5,89,446 | 31,831 22,900 |
| 2.കാറഡുക്ക പഞ്ചായത്ത് | 7 | 1,596 (7x228) | 2,21,844 | 1,59,600 | 62,244 | 31,692 22,800 |
| 3.കുമ്പഡാജെ പഞ്ചായത്ത് | 5 | 1,140 (5x228) | 1,58,460 | 1,14,000 | 44,460 | 31,692 22,800 |
| 4.കുറ്റിക്കോൽ പഞ്ചായത്ത് | 8 | 1,824 (8x228 31692/2 31831/6) | 2,52,370 | 1,83,000 | 69,370 | 31,692 22,800 |
| 5.മുളിയാർ പഞ്ചായത്ത് | 34 | 7,752 (34x228) | 10,77,528 | 7,75,200 | 3,02,328 | 31,692 22,800 |
| 6.ബെള്ളൂർ | 3 | 684 | 95,076 | 68,400 | 26,676 | 31,692 |

| | | | | | | |
|---|---|---|---|---|---|---|
| പഞ്ചായത്ത് | | (3x228) | | | | 22,800 |
| ആകെ | 123 | 28,140 | 39,06,124 | 28,11,600 | 10,94,524 | |

മൊത്തം 123 സംഘങ്ങൾക്ക് 28,140 എണ്ണം ഗ്രോബാഗുകൾ വിതരണം നടത്തിയിട്ടുണ്ട്. ഈ പ്രോജക്ടിന്റെ പരിശോധനയിൽ താഴെ പറയുന്ന അപാകതകൾ കാണുകയുണ്ടായി.

(എ) സംഘങ്ങളുടെ റജിസ്ട്രേഷൻ, കൃഷിസ്ഥലം എന്നിവ സംബന്ധിച്ച രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല. ഗ്രോബാഗുകൾ സംഘങ്ങളിലെ അംഗങ്ങൾക്ക് വിതരണം നടത്തിയതിന്റെ രേഖകളും ഓഡിറ്റ് പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല.

(ബി) പച്ചക്കറി തൈകളുള്ള ഗ്രോബാഗുകൾ 'കാറഡുക്ക ബ്ളോക്ക് കർഷക വിജ്ഞാന വ്യാപന സംഘടന' എന്ന സ്ഥാപനത്തിൽ നിന്നാണ് വാങ്ങിയിട്ടുള്ളത്. ഈ സ്ഥാപനത്തിന്റെ അംഗീകാരം സംബന്ധിച്ച രേഖ ഓഡിറ്റിനു ലഭ്യമാക്കിയിട്ടില്ല.

(സി) പ്രോജക്ടിന്റെ മോണിറ്ററിങ്ങ് നടത്തിയതിന്റെ റിപ്പോർട്ട് ഓഡിറ്റിനു ഹാജരാക്കിയിട്ടില്ല.

ആയതിനാൽ 28,11,600 രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

(3) <u>പട്ടിക വർഗ്ഗ വിഭാഗങ്ങൾക്ക് പച്ചക്കറി കൃഷിക്ക് ഗ്രോബാഗ്, തൈകൾ വിതരണം- (പ്രോജക്ട് നം 33/17)-</u>

പട്ടിക വർഗ്ഗ കുടുംബശ്രീ യൂണിറ്റുകൾക്ക് പച്ചക്കറി കൃഷി ചെയ്യാൻ പച്ചക്കറി തൈകൾ, ഗ്രോബാഗ്, മണ്ണ്, ട്രൈകോഡർമ, സ്യൂഡോമനാസ്, ചകിരിച്ചോർ എന്നിയുടെ വിതരണമാണ് പ്രോജക്ടിന്റെ ലക്ഷ്യം. താഴെ പറയുന്ന പ്രകാരമാണ് പ്രോജക്ടിന്റെ ധനകാര്യ വിശകലനം.

| ഇനം | വികസനഫണ്ട് | ഗുണഭോക്തൃ വിഹിതം | ആകെ |
|---|---|---|---|
| ഗ്രോബാഗ് വിതരണം | 25,990 | 25,990 | 51,980 |
| പച്ചക്കറി തൈകൾ വിതരണം | 7,797 | - | 7,797 |
| ബാഗ് നിറക്കുന്ന മിശ്രിതം | 2,26,113 | 75,371 | 3,01,484 |
| ആകെ | 2,29,900 | 1,01,361 | 3,61,261 |

ബിൽ നം 2/2016-17 തീയതി 31-3-2017 പ്രകാരം 2,59,900 രൂപ ട്രഷറിയിൽനിന്നും പിൻവലിച്ച് ബ്ളോക്ക് പഞ്ചായത്ത് പരിധിയിലെ 7 പഞ്ചായത്തുകളിലെ വിവിധ പട്ടിക വർഗ്ഗ സംഘങ്ങൾക്ക് ഗ്രോബാഗ്, പച്ചക്കറി തൈകൾ വിതരണം നടത്തിയതിന്റെ തുകയായി 'കാറഡുക്ക ബ്ളോക്ക് കർഷക വിജ്ഞാന വ്യാപന സംഘടന' എന്ന സ്ഥാപനത്തിനു നൽകിയിട്ടുണ്ട് ഈ സ്ഥാപനം പച്ചക്കറി തൈകളുള്ള ഗ്രോബാഗ് താഴെ പറയുന്ന പ്രകാരം വിവിധ സംഘങ്ങൾക്ക് നൽകിയിട്ടുണ്ട്.

| | സംഘങ്ങളുടെ | ഗ്രോബാഗുകളുടെ | ആകെ | സബ്സിഡി | ഗുണഭോക്തൃ |
|---|---|---|---|---|---|

| | എണ്ണം | എണ്ണം | തുക | (71.74%) | വിഹിതം |
|---|---|---|---|---|---|
| 1.ബേഡഡുക്ക പഞ്ചായത്ത് | 3 | 1559 | 2,16,840 | 1,55,900 | 60,940 |
| 6.ബെള്ളൂർപഞ്ചായത്ത് | 2 | 1040 | 1,44,560 | 1,04,000 | 40,560 |
| ആകെ | 5 | 2599 | 3,61,400 | 2,59,900 | 1,01,500 |

മൊത്തം 5 സംഘങ്ങൾക്ക് 2,599 ഗ്രോബാഗ് വിതരണം നടത്തിയിട്ടുണ്ട്.

ഈ പ്രോജക്ടിന്റെ പരിശോധനയിൽ താഴെ പറയുന്ന അപാകതകൾ കാണുകയുണ്ടായി.

(എ) സംഘങ്ങളുടെ റജിസ്ട്രേഷൻ സംബന്ധിച്ച രേഖയും കൃഷിസ്ഥലം സംബന്ധിച്ച രേഖയും ഓഡിറ്റിനു ഹാജരാക്കിയിട്ടില്ല.

(ബി) ഗ്രോബാഗ് സംഘങ്ങളിലെ അംഗങ്ങൾക്ക് വിതരണം നടത്തിയതിന്റെ രേഖ പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല.

(സി) പച്ചക്കറി തൈകളുള്ള ഗ്രോബാഗുകൾ 'കാറഡുക്ക ബ്ളോക്ക് കർഷക വിജ്ഞാന വ്യാപന സംഘടന' എന്ന സ്ഥാപനത്തിൽ നിന്നും വാങ്ങിയിട്ടുണ്ട്. ഈ സ്ഥാപനത്തിന്റെ അംഗീകാരം സംബന്ധിച്ച രേഖ ഓഡിറ്റിനു ഹാജരാക്കിയിട്ടില്ല.

(ഡി) പ്രോജക്ടിന്റെ മോണിറ്ററിങ്ങ് നടത്തിയതിന്റെ റിപ്പോർട്ട് ഓഡിറ്റിനു ഹാജരാക്കിയിട്ടില്ല.

ആയതിനാൽ 2,59,900 രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

(4) <u>പ്രോജക്ട് നം 58/17 പാടശേഖര സമിതിക്ക് മിനി ടില്ലർ</u>

കൃഷി അസിസ്റ്റന്റ് ഡയരക്ടർ ബിൽ നം.3/2016-17 തീയതി 31-3-2017 പ്രകാരം 3,21,075രൂപ ട്രഷറിയിൽനിന്നും പിൻവലിച്ച് ബേർളം പാടശേഖര നെല്ലുൽപാദക സമിതിക്ക് മിനി ടില്ലർ എന്ന പ്രോജക്ട് നടപ്പിലാക്കുന്നതിനായി റെയിഡ്കോ എന്ന സ്ഥാപനത്തിനു നൽകിയിട്ടുണ്ട്. ഈ പ്രോജക്ടിന്റെ നിർവഹണത്തിൽ താഴെ പറയുന്ന അപാകതകൾ ശ്രദ്ധയിൽ പെടുകയുണ്ടായി.

(എ) മിനി ടില്ലർ കുറഞ്ഞത് 5 ഹെക്ടർ സ്ഥലം കൃഷി ചെയ്യുന്ന സംഘങ്ങൾക്കാണ് നൽകേണ്ടത്. എന്നാൽ ബേർളം പാടശേഖര നെല്ലുൽപാദക സമിതിയുടെ കൃഷി സ്ഥലത്തിന്റെ വിവരം ഓഡിറ്റിനു ഹാജരാക്കിയിട്ടില്ല.

(ബി) കരാർ ഉടമ്പടിയിൽ ടില്ലറിന്റെ റജിസ്ട്രേഷൻ നമ്പർ, എൻജിൻ നമ്പർ, ചേസ്സിസ് നമ്പർ എന്നിവ ചേർത്തിട്ടില്ല.

(സി) പ്രോജക്ടിന്റെ മോണിറ്ററിങ്ങ് റിപ്പോർട്ട് ഓഡിറ്റിനു ഹാജരാക്കിയിട്ടില്ല.

ആയതിനാൽ 3,21,075 രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

(5) <u>പ്രോജക്ട് നം 63/17 പട്ടികജാതി ഗ്രൂപ്പുകൾക്ക് കാട് വെട്ട് യന്ത്രം-</u>

കൃഷി അസി.ഡയരക്ടർ ബിൽ നം.5/2016-17 തീയതി 31-3-2017 പ്രകാരം 89,550രൂപ ട്രഷറിയിൽനിന്നും പിൻവലിച്ച് പട്ടികജാതി ഗ്രൂപ്പുകൾക്ക് കാടവെട്ട് യന്ത്രം എന്ന പ്രോജക്ട്

നടപ്പിലാക്കുന്നതിനായി റെയിഡ്കോ എന്ന സ്ഥാപനത്തിനു നൽകിയിട്ടുണ്ട്. ഈ പ്രോജക്ടിന്റെ നിർവഹണത്തിൽ താഴെ പറയുന്ന അപാകതകൾ ശ്രദ്ധയിൽ പെടുകയുണ്ടായി.

(എ) മൊത്തം 5 യന്ത്രങ്ങൾ 2 ഗ്രൂപ്പുകൾക്കാണ് നൽകിയിട്ടുള്ളത്. കുമ്പഡാജെയിലെ രമ്യ എസ്.സി.ഗ്രൂപ്പിനു 3 യന്ത്രങ്ങളും ബെള്ളൂർ ഭാഗ്യോദയ എസ്.സി.ഗ്രൂപ്പിനു 2 യന്ത്രങ്ങളും നൽകിയിട്ടുണ്ട്. ഒരേ ഗ്രൂപ്പിനു ഒന്നിലധികം കാടവെട്ട് യന്ത്രം നൽകിയത് ശരിയല്ല.

(ബി) 5 സെന്റിൽ കുറയാതെ കൃഷി ചെയ്യുന്ന റജിസ്റ്റർ ചെയ്ത പട്ടിക ജാതി ഗ്രൂപ്പുകൾക്കുള്ള പ്രോജക്ടാണ് ഇത്. എന്നാൽ ഗ്രൂപ്പുകളുടെ റജിസ്ട്രേഷൻ കൃഷി ചെയ്യുന്ന സ്ഥലത്തിന്റെ വിസ്തൃതി എന്നിവ സംബന്ധിച്ച രേഖകൾ ഓഡിറ്റിനു ഹാജരാക്കിയിട്ടില്ല. ഗ്രൂപ്പുകളുമായി ഏർപ്പെട്ട കരാറിന്റെ ഉടമ്പടികൾ ഓഡിറ്റിനു ഹാജരാക്കിയിട്ടില്ല.

(സി) പ്രോജക്ടിന്റെ മോണിറ്ററിങ്ങ് റിപ്പോർട്ട് ഓഡിറ്റിനു ഹാജരാക്കിയിട്ടില്ല.

ആയതിനാൽ 89,550 രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

( ഓഡിറ്റ് അന്വേഷണം നം. 4 തീയതി 03-11-2017)

## **3-3** വിനിയോഗ സാക്ഷ്യപത്രം പാജരാക്കിയിട്ടില്ല- ചെലവ് തടസ്സപ്പെടുത്തുന്നു-**93,06,714** രൂപ

2016-17 സാമ്പത്തിക വർഷത്തിൽ വിവിധ പ്രോജക്ടുകൾ നടപ്പിലാക്കുന്നതിനായി ബ്ളോക്ക് പഞ്ചായത്തിൽ നിന്നും വിവിധ സ്ഥാപനങ്ങൾ ക്ക് തുക കൈമാറിയിട്ടുണ്ട്. എന്നാൽ ഈ തുകകളുടെ വിനിയോഗ സാക്ഷ്യ പത്രങ്ങളും പദ്ധതി പൂർത്തീകരണ സാക്ഷ്യപത്രങ്ങളും ഓഡിറ്റ് പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല. ആയതിനാൽ ബ്ളോക്ക് പഞ്ചായത്തിൽ നിന്നും കൈമാറിയ തുക ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

വിശദ വിവരങ്ങൾ ചുവടെ ചേർക്കുന്നു

| ക്രമ നം. | നിർവ്വഹണ ഉദ്യാഗസ്ഥൻ | ബിൽ നം/തീയതി | ബിൽ തുക | വിശദീകരണം |
|---|---|---|---|---|
| 1 | സെക്രട്ടറി, ബ്ലോക്ക് പഞ്ചായത്ത്, കാറഡുക്ക | 15/16-17 തീയതി 13-01-2017 | 4,00,000 | പ്രോജക്ട് നം. 11/17 സമഗ്ര പേവിഷബാധ നിയന്ത്രണം -മൃഗ സംരക്ഷണ ഡെപ്യൂട്ടി ഡയരക്ടർക്ക്നൽകിയത് |
| | | 16/16-17തീയതി 13-01-2017 | 2,00,000 | പ്രോജക്ട് നം. 41/17ഡയാലിസിസ് യൂണിറ്റിനു ബ്ളോക്ക് ഷെയർ- കാഞ്ഞങ്ങാട് ജില്ലാ ആസ്പത്രി സൂപ്രണ്ടിനു നൽകിയത് |

| | | |
|---|---|---|
| 10/16-17തീയതി<br>26-10-16 | 4,00,000 | പ്രോജക്ട് നം 50/17 പാലിയേറ്റിവ് കെയർ<br>1,00,000- ബെള്ളൂർ പഞ്ചായത്ത്<br>1,00,000-ബേഡഡുക്ക പഞ്ചായത്ത്<br>1,00,000-കുമ്പഡാജെ പഞ്ചായത്ത്<br>1,00,000-കാറഡുക്ക പഞ്ചായത്ത് |
| 24/16-17തീയതി<br>28-02-2017 | 1,00,000 | പ്രോജക്ട് നം 50/17 പാലിയേറ്റിവ് കെയർ കുറ്റിക്കോൽ പഞ്ചായത്ത് |
| 32/2016-17തീയതി<br>17-03-2017 | 1,00,000 | പ്രോജക്ട് നം. 50/17 പാലിയേറ്റിവ് കെയർ<br>ബെള്ളൂർ പഞ്ചായത്ത് |
| 33/2016-17തീയതി<br>18-03-2017 | 1,50,000 | പ്രോജക്ട് നം. 50/17 പാലിയേറ്റിവ് കെയർ<br>മുളിയാർ പഞ്ചായത്ത് |
| 34/2016-17തീയതി<br>23-03-2017 | 1,00,000 | പ്രോജക്ട് നം. 50/17 പാലിയേറ്റിവ് കെയർ ബേഡഡുക്ക പഞ്ചായത്ത് |
| 37/2016-17തീയതി<br>28-03-2017 | 1,50,000 | പ്രോജക്ട് നം. 50/17 പാലിയേറ്റിവ് കെയർ<br>ദേലമ്പാടി പഞ്ചായത്ത് |
| 12/16-17തീയതി<br>30-11-2016 | 3,70,980 | പ്രോജക്ട് നം. 117/17 ഒ.ഡി.എഫ്. പ്രോജക്ട്<br>3,70,980- കുമ്പഡാജെ പഞ്ചായത്ത് |
| 28/2016-17<br>28-02-2017 | 23,04,885 | പ്രോജക്ട് നം. 117/17 ഒ.ഡി.എഫ് പ്രോജക്ട്<br>4,64,870-കാറഡുക്കപഞ്ചായത്ത്<br>10,09,890-കുറ്റിക്കോൽ പഞ്ചായത്ത്<br>8,30,125-ബേഡഡുക്ക പഞ്ചായത്ത് |

| | | | | |
|---|---|---|---|---|
| | | | | |
| 2 | ക്ഷീരവികസന ഓഫീസർ കാറഡുക്ക | 1/2016-17തീയതി 28-02-2017 | 2,50,000 | പ്രോജക്ട് നം. 91/17 പാലിനു സബ്സിഡി 1,00,000-കുറ്റിക്കോൽ പഞ്ചായത്ത് 1,50,000-ബേഡഡുക്ക പഞ്ചായത്ത് |
| | | 2/2016-17തീയതി 18-03-2017 | 2,50,000 | പ്രോജക്ട് നം. 91/17 പാലിനു സബ്സിഡി 1,50,000-കാറഡുക്ക പഞ്ചായത്ത് 1,00,000-മുളിയാർ പഞ്ചായത്ത് |
| | | 3/2016-17തീയതി 28-03-2017 | 1,00,000 | പ്രോജക്ട് നം. 91/17 പാലിനു സബ്സിഡി 1,00,000- ബെള്ളൂർ പഞ്ചായത്ത് |
| 3 | ശിശു വികസന പ്രോജക്ട് ഓഫീസർ കാറഡുക്ക | 4/2016-17തീയതി 28-02-2017 | 6,55,849 | പ്രോജക്ട് നം.14/17 കേരള സാമൂഹ്യ സുരക്ഷാമിഷൻവിഹിതം |
| | | 2/2016-17തീയതി 28-10-2016 | 2,50,000 | പ്രോജക്ട് നം. 36/17 ബഡ്സ് സ്കൂൾ കാറഡുക്കപഞ്ചായത്ത് |
| | | 6/2016-17തീയതി 18-03-2017 | 2,50,000 | മുളിയാർ പഞ്ചായത്ത് ബഡ്സ് സ്കൂൾ |
| | | 3/2016-17തീയതി 28-10-2016 | 15,00,000 | പ്രോജക്ട് നം. 42/17ജില്ലാപഞ്ചായത്ത് N.P.R.P.D. വിഹിതം- |
| | | 5/2016-17തീയതി 07-03-2017 | 4,75,000 | പ്രോജക്ട് നം.43/17, ഭിന്നശേഷിയുള്ളവർക്ക് സ്കോളർഷിപ്പ്-50,000- ദേലമ്പാടിപഞ്ചായത്ത് 40,000-ബെള്ളൂർ 53,000-കുമ്പഡാജെ 75,000-കാറഡക്ക |

| | | | | |
|---|---|---|---|---|
| | | | | 1,25,000-കുറ്റിക്കോൽ<br>1,32,000ബേഡഡുക്ക |
| 4 | ശിശു വികസന പ്രോജക്ട് ഓഫീസർ, കുറ്റിക്കോൽ | 1/2016-17തീയതി<br>28-03-2017 | 10,50,000 | പ്രോജക്ട് നം.44/17 അനുപൂരക പോഷകാഹാരം<br>1,50,000-ബെള്ളൂർപഞ്ചായത്ത്<br>2,00,000-കാറഡുക്ക<br>2,00,000-കുറ്റിക്കോൽ<br>2,00,000-കുമ്പഡാജെ<br>3,00,000ബേഡഡുക്ക |
| | | 2/2016-17തീയതി<br>29-03-2017 | 2,50,000 | പ്രോജക്ട് നം.44/17 അനുപൂരക പോഷകാഹാരം<br>2,50,000-മുളിയാർപഞ്ചായത്ത് |
| | | ആകെ | 93,06,714 | |

(ഓഡിറ്റ് അന്വേഷണം നം. 1 തീയതി 03-11-2017, 2. തീയതി 03-11-2017)

## 3-4 നബാർഡ് റോഡിനുള്ള ബ്ളോക്ക് പഞ്ചായത്ത് വിഹിതം ചെലവ് ചെയ്യാതെ അക്കൗണ്ടിൽ

താഴെ വിശദീകരിച്ച പ്രകാരം നബാർഡ് സ്കീമിൽ ഉൾപ്പെട്ട 2 റോഡുകളുടെ ബ്ളോക്ക് പഞ്ചായത്ത് വിഹിതമായി 14,20,000 രൂപ (വികസന ഫണ്ട് ജനറൽ) 30-3-2017 തീയതി ട്രഷറിയിൽ നിന്നും പിൻവലിച്ച് ട്രഷറി ടി.എസ്.ബി അക്കൗണ്ടിൽ (നം. 720011400000057) നിക്ഷേപിച്ചിട്ടുണ്ട്. 2016-17 വർഷത്തിൽ ചെലവ് ചെയ്തതായി കാണിച്ചിട്ടുണ്ടെങ്കിലും ഈ തുക അകൗണ്ടിൽ അവശേഷിക്കുന്നുണ്ട്. ഈ അക്കൗണ്ടിലെ നീക്കിയിരിപ്പ് തുക വാർഷിക ധനകാര്യ പത്രികയിൽ ഉൾപ്പെടുത്തിയിട്ടുമില്ല. ട്രഷറിയിൽ നിന്നും തുക പിൻവലിച്ച് എസ്.ബി.അക്കൗണ്ടിൽ നിക്ഷേപിച്ച് ചെലവ് ചെലവ് ചെയ്യാതിരിക്കുന്നത് ഭരണ സമിതിയുടെ ശ്രദ്ധയിൽപ്പെടുത്തുന്നു. വിശദ വിവരങ്ങൾ ചുവടെ ചേർക്കുന്നു

| ബിൽ നം./തീയതി | തുക | വിശദീകരണം |
|---|---|---|
| 43/216-17<br>തിയതി<br>30-03-2017 | 4,20,000 | പ്രോജക്ട്നം. 127/17<br>ശ്രീമല മാണിമൂല റോഡിനു ബ്ളോക്ക് പഞ്ചായത്ത് വിഹിതം |

| | | |
|---|---|---|
| 42/2016-17<br>തിയതി 30-03-2017 | 10,00,000 | പ്രോജക്റ്റ് നം. 126/17<br>പള്ളപ്പാടി മിഞ്ചിപദവ് റോഡിനു ബ്ളോക്ക് പഞ്ചായത്ത് വിഹിതം |

ഇക്കാര്യത്തിൽ വിശദീകരണം നൽകേണ്ടതാണ്.

## 3-5 ഗ്രീൻ കാറഡുക്ക ശുചിത്വ പ്രോജക്റ്റ്-ചെലവ് തടസ്സപ്പെടുത്തുന്നു

2016-17 വർഷത്തിൽ സെക്രട്ടറി നടപ്പിലാക്കിയ ഗ്രീൻ കാറഡുക്ക (ശുചിത്വ പ്രോജക്റ്റ്) എന്ന പദ്ധതിക്കായി(പ്രോജക്റ്റ് നം. 128/17) നടപ്പിലാക്കുന്നതിനായി ബിൽ നം. 49/2016-17 തിയതി 30-03-2017 പ്രകാരം 1,03,202 രൂപ ട്രഷറിയിൽനിന്നു പിൻവലിച്ച് വിവിധ വ്യക്തികൾ/സ്ഥാപനങ്ങൾക്ക് നൽകിയിട്ടുണ്ട്. ചെലവ് ചെയ്ത തുകയ്ക്ക് ബില്ല് ഉണ്ടെങ്കിലും 66,582 രൂപയുടെ പേമെന്റുകൾക്ക് കൈപ്പറ്റ് രശീതികൾ ഹാജരാക്കിയിട്ടില്ല. കൈപ്പറ്റ് രശീതികൾ ഹാജരാക്കാത്തതിനാൽ വ്യക്തികൾ/സ്ഥാപനങ്ങൾ തുക കൈപ്പറ്റിയത് ഉറപ്പ് വരുത്താൻ സാധിച്ചിട്ടില്ല. ആയതിനാൽ ചെലവ് തുക ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.വിശദവിവരങ്ങൾ ചുവടെ ചേർക്കുന്നു

| ക്ര.നം. | നൽകിയ തുക | വിശദീകരണം |
|---|---|---|
| 1 | 2,372<br>1,270<br>2,000 | ഉമേശ് കാമത്ത് കമ്പനി മുള്ളേരിയ(3 ബില്ലുകൾ) |
| 2 | 6,000 | ഹോട്ടൽ ഐശ്വര്യ, അഡൂർ |
| 3 | 7,740 | ഹോട്ടൽ പാർവ്വതി |
| 4 | 11,000 | ഹോട്ടൽ ഗോപാലകൃഷ്ണ ബെള്ളൂർ |
| 5 | 9,000 | ഹോട്ടൽ മണികണ്ഠ |
| 6 | 9,000 | സൗപർണ്ണിക & സ്വാഗത് കാറ്ററിംഗ് സർവ്വീസ് |
| 7 | 18,200 | മുംബൈ കളക്ഷൻസ് |
| ആകെ | 66,582 | |

(ഓഡിറ്റ് അന്വേഷണം നം. 5 തിയതി 04-11-2017)

## 3-6 ഐ.എ.വൈ. / പി.എം.എ.വൈ.- 441 ഭവനങ്ങൾ പൂർത്തിയാക്കാൻ ബാക്കി

31.03.2017 ലെ സ്ഥിതിയനുസരിച്ച് ഐ.എ.വൈ./പി.എം.എ.വൈ. പ്രോജക്ടുകളിലായി 441 ഭവനങ്ങൾ പൂർത്തിയാക്കാൻ ബാക്കി നിൽക്കുന്നതായി കാണുന്നു. വിശദ വിവരങ്ങൾ ചുവടെ.

| ക്ര.നം. | പഞ്ചായത്ത് | 01-04-2016 ന പൂർത്തീകരിക്കാ | 2016-17 ലെ | ആകെ | 2016-17 വർഷം | 31-03-2017വരെ പൂർത്തീകരിക്കാ |
|---|---|---|---|---|---|---|

| | | ത്തത് | പ്രോജക്ട് പ്രകാരം | | പൂർത്തീക രിച്ചത് | ത്തത് |
|---|---|---|---|---|---|---|
| 1 | ബേഡഡുക്കപഞ്ചായത്ത് | 89 | 21 | 110 | 63 | 47 |
| 2 | ബെള്ളൂർ പഞ്ചായത്ത് | 77 | 6 | 83 | 28 | 55 |
| 3 | ദേലമ്പാടിപഞ്ചായത്ത് | 132 | 14 | 146 | 61 | 85 |
| 4 | കാറഡുക്കപഞ്ചായത്ത് | 129 | 9 | 138 | 80 | 58 |
| 5 | കുമ്പഡാജെപഞ്ചായത്ത് | 93 | 13 | 106 | 72 | 34 |
| 6 | കുറ്റിക്കോൽപഞ്ചായത്ത് | 98 | 72 | 170 | 68 | 102 |
| 7 | മുളിയാർപഞ്ചായത്ത് | 121 | 5 | 126 | 66 | 60 |
| | ആകെ | 739 | 140 | 879 | 438 | 441 |

7 പഞ്ചായത്തുകളിലായി 441 ഭവനങ്ങളുടെ നിർമാണമാണ് പൂർത്തിയാക്കാൻ ബാക്കിയുള്ളത്. ഭവനനിർമാണം പൂർത്തിയാക്കാനുള്ള അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 3-7 പൊതു മരാമത്ത് പ്രവൃത്തികൾ-അപാകങ്ങൾ

2016-17 വർഷം നടപ്പിലാക്കിയ പൊതു മരാമത്ത് പ്രവൃത്തികളുടെ ഫയലുകൾ പരിശോധിച്ചു. പല ഫയലുകളിലും അവശ്യം വേണ്ട രേഖകൾ/വിവരങ്ങളുടെ അഭാവം ശ്രദ്ധയിൽപ്പെട്ടുകയുണ്ടായി. കേരള പൊതു മരാമത്ത് മാനുവൽ, കേരള പഞ്ചായത്ത് രാജ് പൊതുമരാമത്ത് പണികളുടെ നടത്തിപ്പ് ചട്ടങ്ങൾ, സർക്കാരും തദ്ദേശ സ്വയം ഭരണ വകുപ്പും കാലാകാലങ്ങളിൽ പുറപ്പെടുവിക്കുന്ന നിർദ്ദേശങ്ങൾ, സാങ്കേതിക നിർദേശങ്ങൾ തുടങ്ങിയവ ബ്ലോക്ക് പഞ്ചായത്തിലെ എഞ്ചിനീയറിംഗ് വിഭാഗം പൂർണമായും പാലിക്കുന്നില്ല എന്ന് കാണുന്നു. വിശദ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

1. ചുമതലകൾ മറി കടന്നുള്ള പദ്ധതി നിർവഹണം-

കേരള പഞ്ചായത്ത് രാജ് നിയമത്തിലെ വകുപ്പ് 172(1), നാലാം പട്ടിക എന്നിവ പ്രകാരം പൊതുമരാമത്ത് മേഖലയിൽ ഒന്നിലധികം ഗ്രാമപഞ്ചായത്തുകളെ തമ്മിൽ ബന്ധിപ്പിക്കുന്ന ബ്ലോക്ക് പഞ്ചായത്തിനുള്ളിലെ വില്ലേജ് റോഡുകളുടെയും ബ്ലോക്ക് പഞ്ചായത്തിൽ നിക്ഷിപ്തമായ മറ്റു റോഡുകളുടെയും പരിപാലനം മാത്രമാണ് ബ്ലോക്ക് പഞ്ചായത്തിന്റെ ചുമതല. എന്നാൽ 2016-17 വർഷം കാറഡുക്ക ബ്ലോക്ക് പഞ്ചായത്ത് നടപ്പിലാക്കിയ റോഡ് നിർമാണ/പരിപാലന പ്രോജക്ടുകളിൽ ഈ നിബന്ധന മറി കടന്നതായി കാണുന്നു. ഉദാ- പ്രോജക്ട് നം 8- മുളിയാർ ഗ്രമപഞ്ചായത്തിലെ മൂലടുക്കം -തൈര-പയസ്വിനി റോഡ് നിർമാണം എന്ന പ്രോജക്ടിനു വേണ്ടി വികസന ഫണ്ടിൽ നിന്നും 3,60,435 രൂപ ചെലവു ചെയ്തിട്ടുണ്ട്. എന്നാൽ ഈ റോഡ് മുളിയാർ ഗ്രാമപഞ്ചായത്തിൽ മാത്രം ഒതുങ്ങുന്നു. ഇത്തരത്തിൽ 2016-17 വർഷം 15 റോഡ് നിർമാണ/പരിപാലന പ്രവൃത്തികൾ വിവിധ പഞ്ചായത്തുകളിലായി ബ്ലോക്ക് പഞ്ചായത്ത് നടപ്പിലാക്കിയിട്ടുണ്ട്.

ബ്ലോക്ക് പഞ്ചായത്തിൽ നിക്ഷിപ്തമായ റോഡുകളുടെ വിവരങ്ങൾ പരിശോധിക്കാനായി ആസ്തി രജിസ്റ്റർ പരിശോധിച്ചതിൽ രജിസ്റ്ററിൽ റോഡുകളൊന്നും തന്നെ ആസ്തിയായി ഉൾപ്പെടുത്തിക്കാണുന്നില്ല. റോഡ് പ്രവൃത്തികളുടെ ഫയലുകളിൽ ഈ റോഡുകളിൽ ബ്ലോക്ക് പഞ്ചായത്തുകൾക്ക് നിർമാണാനുമതി നൽകിക്കൊണ്ട് ഗ്രാമപഞ്ചായത്തുകൾ എടുത്ത തീരുമാനങ്ങളൊന്നും തന്നെ ഉൾപ്പെടുത്തിക്കാണുന്നില്ല. പ്രോജക്ടുകൾ തയ്യാറാക്കുമ്പോൾ ഈ റോഡുകളുടെ പരിപാലത്തിൽ ആവർത്തനം ഒഴിവാക്കുന്നതിനായി എന്തെങ്കിലും നടപടികൾ കൈക്കൊണ്ടതായോ ബാക്ക് വേർഡ് ഫോർവേർഡ് ലിങ്കേജ്

നൽകിയതായോ കാണുന്നില്ല. കേരള പഞ്ചായത്ത് രാജ് നിയമത്തിൽ വ്യവസ്ഥ ചെയ്തിട്ടുള്ള മേഖലാ ചുമതലകൾ മറി കടന്നുള്ള പദ്ധതി നിർവഹണം വരു വർഷങ്ങളിൽ ഒഴിവാക്കേണ്ടതാണ്.

2. റോഡ് നിർമാണ പ്രവൃത്തികളുടെ എസ്റ്റിമേറ്റിൽ ചെയിനേജ് രേഖപ്പെടുത്തുന്നില്ല-

2016-17 വർഷം നടപ്പിലാക്കിയ ചില റോഡ് നിർമാണ/ടാറിംഗ്/റീടാറിംഗ് പ്രവൃത്തികളുടെ എസ്റ്റിമേറ്റുകളിൽ പ്രവൃത്തി ചെയ്യാനുദ്ദേശിക്കുന്ന ചെയിനേജ് വ്യക്തമാക്കിയിട്ടില്ല. ഉദാ- പ്രോജക്ട് നം 105- ബേഡഡുക്ക് ഗ്രാമപഞ്ചായത്തിലെ ചോയിത്തൊട്ടി അടുമ്മൽ റോഡ് നിർമാണം എന്ന പ്രോജക്ടിനു വേണ്ടി വികസന ഫണ്ടിൽ നിന്നും 4,75,841 രൂപ ചെലവ് ചെയ്തിട്ടുണ്ട്. എന്നാൽ ഈ പ്രവൃത്തിയുടെ എസ്റ്റിമേറ്റിലോ അളവു പുസ്തകത്തിലോ പ്രവൃത്തി നടത്തിയ ചെയിനേജ് രേഖപ്പെടുത്തിയിട്ടില്ല. പ്രോജക്ട് നം 101, 99, 103, 100 എന്നീപ്രോജക്ടുകളിലും മേൽ അപാകതകൾ ആവർത്തിച്ചതായി കാണുന്നു.

3. വിശദമായ എസ്റ്റിമേറ്റ് റിപ്പോർട്ട്, സൈറ്റ് പ്ലാൻ, ഡിസൈൻ, സ്കെച്ചുകൾ തുടങ്ങിയവ എസ്റ്റിമേററിനൊപ്പം ഉൾപ്പെടുത്തുന്നില്ല. -

ചീഫ് ടെക്നിക്കൽ എക്സാമിനറുടെ 19/09/2016 ലെ സർക്കുലർ നം.78/2016/fin. പ്രകാരം വിശദമായ എസ്റ്റിമേററിനൊപ്പം പ്രവൃത്തി പ്രദേശം, പ്രവൃത്തിയുടെ പ്രത്യേകതകൾ, എന്നിവ കാണിക്കുന്ന റിപ്പോർട്ട് ഉണ്ടായിരിക്കേണ്ടതും സൈറ്റ് പ്ലാൻ, ഡിസൈൻ, ഡ്രോയിംഗ്, എന്നിവ ഉൾപ്പെടുത്തിയിരിക്കേണ്ടതുമാണ്. കൂടാതെ പ്രവൃത്തിയുടെ എസ്റ്റിമേറ്റ് തയ്യാറാക്കിയിരിക്കുന്ന സ്പെസിഫിക്കേഷൻ, നിരക്ക്, കോസ്റ്റ് ഇൻഡക്സ് എന്നിവ കൃത്യമായി പ്രതിപാദിച്ചിരിക്കേണ്ടതും ഒബ്സേർവ്ഡ് ഡാറ്റ തയ്യാറാക്കിയിട്ടുള്ള പക്ഷം അത് ഉൾപ്പെടുത്തിയിരിക്കേണ്ടതുമാണ്. എന്നാൽ ബ്ലോക്ക് പഞ്ചായത്ത് നടപ്പിലാക്കിയ മിക്ക പ്രവൃത്തികളുടെ ഫയലുകളിലും മേൽ നിബന്ധനകൾ പാലിക്കപ്പെട്ടിട്ടില്ല.

4. ക്യാഷ് ബുക്ക് യഥാവിധി സൂക്ഷിച്ചിട്ടില്ല-

നിർവഹണ ഉദ്യോഗസ്ഥനായ അസി.എക്സി.എഞ്ചിനീയർ ടി.ആർ.&7A മാതൃകയിലുള്ള പുസ്തകത്തിൽ ക്യാഷ് ബുക്ക് എഴുതിയിട്ടുണ്ട്. എന്നാൽ ഇതിലെ കോളങ്ങളിൽ ആവശ്യമായ വിവരങ്ങൾ പൂരിപ്പിച്ചിട്ടില്ല. ക്യാഷ് ബുക്കിലെ കോളങ്ങൾ അവഗണിച്ച് പഴയ രീതിയിൽ വരവുകൾ ഒരു സൈഡിലും ചെലവുകൾ മറു സൈഡിലും നിരത്തി എഴുതിയതായി കാണുന്നു. ഇത് ശരിയായ രീതിയല്ല.

5. ക്ഷേമനിധി വിഹിതം അടച്ചതിന്റെ വിവരങ്ങൾ ഇല്ല-

വിവിധ ബില്ലുകളിൽ നിന്ന് കുറവു ചെയ്ത നിർമാണ തൊഴിലാളി ക്ഷേമനിധി വിഹിതം ക്ഷേമനിധി ബോർഡിൽ അടവാക്കിയതിന്റെ വിവരങ്ങൾ ലഭ്യമല്ല. ആയതിന്റെ വിശദ വിവരങ്ങൾ ഉടൻ ലഭ്യമാക്കേണ്ടതാണ്.

6. ഇ-ടെണ്ടർ- ബിഡ് സമർപ്പണ ഫീസിന്റെ വിവരങ്ങൾ ലഭ്യമല്ല-

ഇ-ടെണ്ടർ നടത്തിയ പ്രവൃത്തികളിൽ ബിഡ്ഡർമാർ ഓൺലൈൻ ആയി അടച്ച ബിഡ് സബ്മിഷൻ ഫീസ് നാളിതു വരെയായി ബ്ലോക്ക് പഞ്ചായത്തിന് ലഭിച്ചിട്ടില്ല. ആയത് എൽ.എസ്.ജി.ഡി. ഡിവിഷൻ എക്സി. എഞ്ചിനീയറുടെ അക്കൗണ്ടിൽ സൂക്ഷിച്ചിരിക്കുകയാണ്. നാളിതു വരെ നടത്തിയ ഇ-ടെണ്ടറുകളും ആയതിന് ബ്ലോക്ക് പഞ്ചായത്തിന് ലഭിക്കേണ്ടിയിരുന്ന ബിഡ് സബ്മിഷൻ ഫീസും എത്രയാണെന്ന് അറിയിക്കാൻ ബ്ലോക്ക് പഞ്ചായത്തിലെ അസി.എക്സി. എഞ്ചിനീയറോട് ആവശ്യപ്പെട്ടുവെങ്കിലും ആ വിവരങ്ങൾ ഹാജരാക്കാൻ അദ്ദേഹത്തിന് സാധിച്ചിട്ടില്ല.

7. മോണിറ്ററിംഗ് നടത്തിയിട്ടില്ല-

അസി.എക്സി.എഞ്ചിനീയർ നടപ്പിലാക്കിയ ഒരു പദ്ധതിയിലും മോണിറ്ററിംഗ് നടത്തിയതായി കാണുന്നില്ല. പദ്ധതി മാർഗരേഖയ്ക്ക് വിരുദ്ധമായ ഈ സമീപനം ശരിയല്ല.
ഇക്കാര്യങ്ങൾ പരിശോധനാ വിധേയമാക്കേണ്ടതും അപാകതകൾ ഭാവിയിൽ ആവർത്തിക്കാതിരിക്കാൻ ശ്രദ്ധിക്കേണ്ടതും വിശദമായ റിപ്പോർട്ട് നൽകേണ്ടതുമാണ്.

## 3-8 ഗുണഭോക്താക്കളുടെ അക്കൗണ്ടുകളിലേക്ക് തുക ട്രാൻസ്ഫർ ചെയ്യുന്നതിന് കേരള ഗ്രാമീൺ ബാങ്ക് നെഫ്റ്റ് ചാർജ് ഈടാക്കുന്നു

കേരള ഗ്രാമീണ ബാങ്കിന്റെ മുള്ളേരിയ ശാഖയിൽ ബ്ലോക്ക് പഞ്ചായത്തിന്റെ 40596100004230, 40596100003986, 40596100000556എന്നീ അക്കൗണ്ടുകളിൽ നിന്നായി ഭീമമായ തുക ഗുണഭോക്താക്കളുടെ ബാങ്ക് അക്കൗണ്ടുകളിലേക്ക് നെഫ്റ്റ് മാർഗത്തിൽ ട്രാൻസ്ഫർ ചെയ്തു വരുന്നുണ്ട്. എന്നാൽ 10,000 രൂപ വരെയുള്ള ഓരോ നെഫ്റ്റിനും 3 രൂപ വീതവും 10,000 രൂപയ്ക്ക് മുകളിലുള്ള ഓരോ നെഫ്റ്റിനും 6 രൂപ വീതവും നെഫ്റ്റ് ചാർജ് ആയി ബാങ്ക് ഈടാക്കിയിട്ടുണ്ട്. ഈ വിധത്തിൽ നാളിതു വരെ മേൽ അക്കൗണ്ടുകളിൽ നിന്നായി ബാങ്ക് ഈടാക്കിയ നെഫ്റ്റ് ചാർജിന്റെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

ചുവടെ ചേർത്ത അക്കൗണ്ടുകൾ നിലവിലുണ്ട്.

| ക്രമ നം | അക്കൗണ്ട് നം | ഫണ്ട് | ഈടാക്കിയ നെഫ്റ്റ് ചാർജ് |
|---|---|---|---|
| 1 | 40596100004230 | ഐ.എ.വൈ. സംസ്ഥാനവിഹിതം 696 | 696രൂപ (09.10.2015മുതൽ 31.03.2017 വരെ) |
| 2 | 40596100003986 | ഐ.എ.വൈ. അധിക വിഹിതം | 258രൂപ (01.02.2017മുതൽ 19.06.2017 വരെ |
| 3 | 40596100000556 | പട്ടികജാതികക്കൂസ് | 540 രൂപ (31.07.2015 മുതൽ31.03.2017വരെ) |
| | | ആകെ | 1,494 രൂപ |

ഇതേ കാലയളവിൽ സിന്റിക്കേറ്റ് ബേങ്ക് അടക്കമുള്ള മറ്റു ബാങ്കുകളിൽ ബ്ലോക്ക് പഞ്ചായത്തിനുള്ള അക്കൗണ്ടുകളിൽ നിന്നും നടത്തിയ നെഫ്റ്റ് ഇടപാടുകൾക്ക് ബാങ്ക് ചാർജ് ഈടാക്കിയിട്ടില്ല. ഇടപാടുകളുടെ ഉത്തമമായ സാമൂഹ്യ പ്രതിബദ്ധത ബാങ്കിനെ ബോധ്യപ്പെടുത്തി നെഫ്റ്റ് ചാർജ് ഈടാക്കുന്നതിന് ബാങ്കിൽ നിന്ന് ഇളവ് വാങ്ങാനുള്ള നടപടികൾ കൈക്കൊള്ളേണ്ടതാണ്.

## 3-9 ബാങ്ക് നീക്കിയിരിപ്പ് കണക്കിലെടുക്കാതെ ചെക്കുകൾ നൽകി- TSC ഫണ്ടിൽ നിന്നും 2,79,600 രൂപയുടെ ഇടപാടുകൾ മുടങ്ങിക്കിടക്കുന്നു

ഐ.എ.വൈ. പദ്ധതിയിൽ നിർമിച്ച ഭവനങ്ങളിലെ ശൗചാലയങ്ങൾ ശുചിത്വ കക്കൂസുകൾ ആക്കി മാറ്റുന്നതിനായി ഐ.എ.വൈ. പദ്ധതിയിൽ ഭവന നിർമാണം പൂർത്തിയാക്കിയ ഗുണഭോക്താക്കൾക്ക്

കേന്ദ്ര സർക്കാർ അധിക ധനസഹായം അനുവദിച്ചിരുന്നു. 2012-13 വരെയുള്ള കാലയളവിൽ പൂർത്തിയായ വീടുകൾക്ക് 4,600 രൂപയും അതിനു ശേഷം പൂർത്തിയായ വീടുകൾക്ക് 12,000 രൂപയുമാണ് അധിക ധനസഹായം.

2016 ആഗസ്റ്റ് മാസത്തിൽ 29 ഗുണഭോക്താക്കൾക്കുള്ള അധിക ധനസഹായമായി നം 005217 തിയതി 09.08.2016 പ്രകാരം 3,18,400 രൂപയുടെ ചെക്കും ഗുണഭോക്താക്കളുടെ ലിസ്റ്റും കേരള ഗ്രാമീൺ ബാങ്കിനെ ഏൽപ്പിക്കുകയുണ്ടായി. ഇതിൽ നിന്നും 7 ഗുണഭോക്താക്കൾക്കായി 69,200 രൂപ ബാങ്ക് നെഫ്റ്റ് ചെയ്തിട്ടുണ്ട്. ബാക്കി 2,49,200 രൂപയും മുൻപ് 5 ഗുണഭോക്താക്കൾക്കായി നൽകിയ 30,400 രൂപയുമടക്കം 2,79,600 രൂപ ബാങ്കിൽ ആവശ്യത്തിന് നീക്കിയിരിപ്പ് ഇല്ലെന്ന കാരണത്താൽ ബാങ്ക് തടഞ്ഞു വച്ചിരിക്കുകയാണ്. ഈ ഘട്ടത്തിൽ ബാങ്ക് അക്കൗണ്ടിൽ 1,69,938 രൂപയും 31.03.2017 ൽ 1,61,286രൂപയും നീക്കിയിരിപ്പ് ഉണ്ട്. എന്നാൽ നിലവിൽ നൽകിയിട്ടുള്ള 2,79,600 രൂപയുടെ ചെക്കുകൾ പൂർണമായി നൽകാൻ തുക തികയില്ലെന്ന കാരണത്താലാണ് ബാങ്ക് പേമെന്റ് നടത്താത്തത്. എന്നാൽ ഈ തുകകളുടെ പേമെന്റ് കാണിച്ചു കൊണ്ട് സമ്പൂർണ്ണശുചിത്വ മിഷന്റെ കണക്കിൽ ബ്ലോക്ക് പഞ്ചായത്ത് രേഖകൾ പ്രകാരം മൈനസ് തുകയാണ് നീക്കിയിരിപ്പുള്ളത്. ((-)1,18,314 രൂപ).ഐ.എ.വൈ. പദ്ധതിക്ക് കേന്ദ്ര സർക്കാർ വിഹിതം നൽകുന്നത് നിർത്തിയതിനാലും ശുചിത്വ കക്കൂസ് നിർമാണത്തിനായി O.D.F. പോലുള്ള ബൃഹത് പദ്ധതികൾ ആരംഭിച്ചതിനാലും ഇനി ഈയിനത്തിൽ കേന്ദ്ര സർക്കാർ ഫണ്ട് പ്രതീക്ഷിക്കാവുന്നതല്ല. അധിക ധനസഹായം പ്രതീക്ഷിച്ച് ശുചിത്വ കക്കൂസ് നിർമാണം പൂർത്തിയാക്കി പൂർത്തീകരണ സാക്ഷ്യപത്രം സഹിതം അപേക്ഷിച്ച ഗുണഭോക്താക്കൾക്കാണ് ചെക്ക് എഴുതിയത്. ആയതിനാൽ അവർക്കുള്ള പേമെന്റ് ഇനിയും വൈകിക്കുന്നത് ഉചിതമല്ല. ഈ വിഷയത്തിൽ സമ്പൂർണ്ണശുചിത്വ മിഷനുമായും കേരള സർക്കാരുമായും ആശയവിനിമയം നടത്തി ഫണ്ട് സ്വരൂപിച്ച് അടിയന്തിരമായി ധനസഹായം നൽകേണ്ടതാണ്.

# ഭാഗം-4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1 സംയുക്ത പദ്ധതികൾക്കായി ലഭിച്ച തുകകൾ

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രൊജക്ടിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|
| മുളിയാർ ഗ്രമപഞ്ചായത്ത് | 2016-17 | ഐ.എ.വൈ. 1,60,000 | ഐ.എ.വൈ.പദ്ധതി (ഗ്രാമപഞ്ചായത്ത് വിഹിതം) | ചെലവ് തിട്ടപ്പെടുത്താനാവുന്നതല്ല | നീക്കിയിരിപ്പ് തിട്ടപ്പെടുത്താനാവുന്നതല്ല |

| | | | | | |
|---|---|---|---|---|---|
| ദേലമ്പാടി ഗ്രമപഞ്ചായത്ത് | 2016-17 | 40,000 | ഐ.എ.വൈ.പദ്ധതി (ഗ്രാമപഞ്ചായത്ത് വിഹിതം) | ചെലവ് തിട്ടപ്പെടുത്താനാവുന്നതല്ല | നീക്കിയിരിപ്പ് തിട്ടപ്പെടുത്താനാവുന്നതല്ല |
| കുമ്പടാജെ ഗ്രാമപഞ്ചായത്ത് | 2016-17 | 2,84,589 | ഐ.എ.വൈ.പദ്ധതി (ഗ്രാമപഞ്ചായത്ത് വിഹിതം) | ചെലവ് തിട്ടപ്പെടുത്താനാവുന്നതല്ല | നീക്കിയിരിപ്പ് തിട്ടപ്പെടുത്താനാവുന്നതല്ല |
| ബെള്ളൂർ ഗ്രമപഞ്ചായത്ത് | 2016-17 | 7,50,000 | ഐ.എ.വൈ.പദ്ധതി (ഗ്രാമപഞ്ചായത്ത് വിഹിതം) | ചെലവ് തിട്ടപ്പെടുത്താനാവുന്നതല്ല | നീക്കിയിരിപ്പ് തിട്ടപ്പെടുത്താനാവുന്നതല്ല |
| കുറ്റിക്കോൽ ഗ്രമപഞ്ചായത്ത് | 2016-17 | 26,45,015 | ഐ.എ.വൈ.പദ്ധതി (ഗ്രാമപഞ്ചായത്ത് വിഹിതം) | ചെലവ് തിട്ടപ്പെടുത്താനാവുന്നതല്ല | നീക്കിയിരിപ്പ് തിട്ടപ്പെടുത്താനാവുന്നതല്ല |
| കാറഡുക്ക ഗ്രമപഞ്ചായത്ത് | 2016-17 | 8,40,000 | ഐ.എ.വൈ.പദ്ധതി (ഗ്രാമപഞ്ചായത്ത് വിഹിതം) | ചെലവ് തിട്ടപ്പെടുത്താനാവുന്നതല്ല | നീക്കിയിരിപ്പ് തിട്ടപ്പെടുത്താനാവുന്നതല്ല |
| ബേഡഡുക്ക ഗ്രമപഞ്ചായത്ത് | 2016-17 | 15,47,500 | ഐ.എ.വൈ.പദ്ധതി (ഗ്രാമപഞ്ചായത്ത് വിഹിതം) | ചെലവ് തിട്ടപ്പെടുത്താനാവുന്നതല്ല | നീക്കിയിരിപ്പ് തിട്ടപ്പെടുത്താനാവുന്നതല്ല |
| ജില്ലാ പഞ്ചായത്ത്, കാസറഗോഡ് | 2016-17 | 2,05,62,500 | ഐ.എ.വൈ.പദ്ധതി (ജില്ലാ പഞ്ചായത്ത് വിഹിതം) | ചെലവ് തിട്ടപ്പെടുത്താനാവുന്നതല്ല | നീക്കിയിരിപ്പ് തിട്ടപ്പെടുത്താനാവുന്നതല്ല |

ഐ.എ.വൈ. പദ്ധതിക്കായി മറ്റു സ്ഥാപനങ്ങളിൽ നിന്ന് ലഭിക്കുന്ന തുകകൾ ബ്ലോക്ക് പഞ്ചായത്തിന്റെ ബാങ്ക് അക്കൗണ്ടിൽ നിക്ഷേപിച്ച് ചെലവ് നടത്തി വരുകയാണ് ചെയ്തു വരുന്നത്. ഈ ബാങ്ക് അക്കൗണ്ടിൽ കാലങ്ങളായി ഇത്തരത്തിൽ നിക്ഷേപിച്ചു വരുന്ന തുകകൾ, പലിശ, തിരികെ വരുന്ന തുകകൾ തുടങ്ങിയവ കുമിഞ്ഞു കൂടിയിരിക്കുകയാണ്. അക്കൗണ്ടിൽ ബാക്കിയുള്ള തുക ഏതു സ്ഥാപനത്തിൽ നിന്ന് ഏത് ഗുണഭോക്താക്കൾക്കായുള്ളതാണ് എന്ന് തിരിച്ചറിയാവുന്ന വിധത്തിൽ അക്കൗണ്ടിംഗ് കാലങ്ങളായി തുടർന്നു വരുന്നില്ല. ആയതിനാൽ മേൽ സ്ഥാപനങ്ങളിൽ നിന്ന് ലഭിച്ച തുകകളുടെ ചെലവ്, നീക്കിയിരിപ്പ് എന്നീ വിവരങ്ങൾ നിലവിൽ തിട്ടപ്പെടുത്താവുന്നതല്ല.

## 4-2 ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ

ഇല്ല.

## 4-3 മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത്

ഇല്ല.

## 4-4 വായ്പ/വായ്പാ തിരിച്ചടവ്

ഇല്ല.

## 4-5 സ്ഥിരനിക്ഷേപങ്ങൾ

ഇല്ല.

## 4-6 ഓഡിറ്റ് റിക്കവറി

ഇല്ല.

## 4-7 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം

ഇല്ല.

## 4-8 ഓഡിറ്റ് പ്രത്യവലോകനം

എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 11,41,88,333 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 10,25,69,213 |
| വരവിനങ്ങളിലുള്ള നഷ്ടം | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/<br>ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | ഇല്ല |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 1,36,75,421 |

(ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

ഇല്ല

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 3-2 | 43,02,125 | പി.പളനി, അസിസ്റ്റന്റ് ഡയറക്ടർ, കൃഷി |
| | 42,75,865 | ബാലകൃഷ്ണ.ബി, സെക്രട്ടറി |
| | 6,00,000 | രമ്യ.എസ്, ക്ഷീരവികസന ഓഫീസർ |

| | | |
|---|---|---|
| 3-3 | 17,50,000 | പ്രസന്ന കുമാരി, ശിശുവികസന പദ്ധതി ഓഫീസർ, കാറഡുക്ക |
| | 13,80,849 | ഗ്രേസി.ജെ, ശിശുവികസന പദ്ധതി ഓഫീസർ, കാറഡുക്ക |
| | 13,00,000 | സായാഹന.കെ.ജെ, ശിശുവികസന പദ്ധതി ഓഫീസർ, കാറഡുക്ക അഡിഷണൽ (കുറ്റിക്കോൽ) |
| 3-5 | 66,582 | ബാലകൃഷ്ണ.ബി, സെക്രട്ടറി |
| ആകെ | 1,36,75,421 | |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം.

ഇല്ല

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ ഖണ്ഡിക

ഇല്ല

(ഇ) റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ
ഇല്ല

## 4-9 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

| വർഷം | ഓഡിറ്റ് റിപ്പോർട്ട് നമ്പർ | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം |
|---|---|---|
| 2010-11 & 2011-12 | LF/KSD-8/124/2013 Dated 10/05/2013 | 6 |
| 2012-13 & 2013-14 | LF/KSD-6/158/2015 Dated 04/03/2015 | 3 |
| 2014-15 & 2015-16 | KSA-KSD4/1035/2016 dated 16.12.2016 | 14 |

തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകളിന്മേൽ അടിയന്തിര നടപടികൾ കൈക്കൊള്ളേണ്ടതാണ്.

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ,

# അനുബന്ധം 1

## ഓഡിറ്റ് സാക്ഷ്യപത്രം

കെ.എസ്.എ-കെ.എസ്.ഡി.7/1169/2017.

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,

ജില്ലാ ഓഡിറ്റ് കാര്യാലയം, കാസറഗോഡ് -671123.
ഇ-മെയിൽ : doksd.ksad@kerala.gov.in
ഫോൺ : 04994256690.

തീയതി : 15 -11-2017.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിൻറെ 4-ാം വകുപ്പ് 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിന്റെ 215-ാം വകുപ്പ്, ഇവ അനുസരിച്ചും, പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിന് വേണ്ടി കംപ്ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാന്റേർഡുകൾ അവലംബിച്ചും, കാസറഗോഡ് ജില്ലയിലെ കാറഡുക്ക ബ്ലോക്ക് പഞ്ചായത്തിന്റെ 2016-17 വർഷത്തെ വാർഷിക ധനകാര്യ സ്റ്റേറ്റ്മെന്റുകൾ പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

എന്റെ റിപ്പോർട്ടിലെ ഖണ്ഡിക 1-3 ലെ പരാമർശങ്ങൾ ഒഴികെ, എന്റെ അഭിപ്രായത്തിൽ കാറഡുക്ക ബ്ലോക്ക് പഞ്ചായത്തിന്റെ 2016-17 വർഷത്തെ വാർഷിക ധനകാര്യ പത്രികകൾ വരവ് ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ,

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,

ജില്ലാ ഓഡിറ്റ് കാര്യാലയം, കാസറഗോഡ്.

# AUDIT CERTIFICATE

No. KSA -KSD.7 /1169 /2017.

Kerala State Audit Department,

District Audit Office, Kasaragod-671123.
E-mail : doksd.ksad@kerala.gov.in
Phone : 04994256690.

Phone: 0499-4256690
Dated:15-11-2017.

Certified that, I have audited the Annual Financial Statement of Karadka Block Panchayat in Kasaragod District for the year 2016-17 in accordance with Section 4 of the Kerala Local Fund Audit Act 1994, Section 215 of the Kerala Panchayat Raj Act 1994, the rules made there under and the guidelines issued by the Comptroller and Auditor General of India for the purpose of audit of accounts of Panchayat Raj Institutions.

In my opinion, the Financial Statements of Karadka Block Panchayat for the year 2016-17, properly presents the picture of income and expenditure, except the observations in para 1-3 of my Audit Report.

Senior Deputy Director,
Kerala State Audit Department,

District Audit Office, Kasaragod.